# അപ്പൊസ്തലനായ പൗലൊസ്
# തെസ്സലൊനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

റോമാസാമ്രാജ്യത്തിന്റെ ഒരു ഭാഗവും മാസിഡോണിയ സംസ്ഥാനത്തിന്റെ തലസ്ഥാനവുമായിരുന്നു തെസ്സലൊനീക്യ. ഇന്ന് ആ പട്ടണം സലൊനീക്യ എന്ന പേരിൽ അറിയപ്പെടുന്നു. ഇത് ഒരു സ്വയംഭരണാവകാശമുള്ള സ്വതന്ത്ര നഗരമായിരുന്നു. ഇവിടെ തുറമുഖം ഉണ്ടായിരുന്നതുകൊണ്ടു വ്യവസായ നഗരമായും അറിയപ്പെട്ടിരുന്നു. ബി.സി. മൂന്നാം നൂറ്റാണ്ടു മുതലാണ് ഈ പട്ടണം അറിയപ്പെടുവാൻ തുടങ്ങിയത്. കസ്സാണ്ടർ എന്ന മാസിഡോണിയൻ രാജാവു പുതുക്കി പണിത തെർമ്മ എന്ന പട്ടണത്തിന് മഹാനായ അലക്സാണ്ടറുടെ പെങ്ങളും തന്റെ ഭാര്യയുമായ തെസ്സലൊനീക്യയുടെ പേർ കൊടുത്തു. യെഹൂദന്മാരും ഗ്രീക്കുകാരും റോമരും ഇവിടെ കുടിയേറിപ്പാർത്തിരുന്നു.

പൗലൊസിന്റെ രണ്ടാം മിഷ്യനറിയാത്രയിലാണ് ഇവിടെ ഒരു സഭ ഉണ്ടായത്. പ്രവൃത്തികളുടെ പുസ്തകം 17-ാം അദ്ധ്യായത്തിൽ അതിന്റെ ചരിത്രം കാണാം. പൗലൊസു യെഹൂദന്മാരുടെ പള്ളിയിൽ മൂന്ന് ആഴ്ചവട്ടം യേശു യെഹൂദന്മാർ കാത്തിരിക്കുന്ന മശിഹാ ആണെന്നു വാദിച്ചു തെളിയിച്ചു. ഒരു കൂട്ടം യെഹൂദന്മാർ അത് അംഗീകരിച്ചു. അതുപോലെതന്നെ ബഹുദേവവിശ്വാസത്താൽ മനംമടുത്തു കഴിഞ്ഞ ചില ഗ്രീക്കുകാരും ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. അസൂയാലുക്കളായ യെഹൂദന്മാർ ജനത്തെ ഇളക്കിയതിന്റെ ഫലമായി പട്ടണത്തിൽ കലഹം ഉണ്ടായി. പൗലൊസു സാമ്രാജ്യദ്രോഹിയാണെന്നും കൈസർക്കെതിരേ കൂട്ടുകെട്ട് ഉണ്ടാക്കുന്നു എന്നും ആരോപിച്ചു. തൽഫലമായി പൗലൊസിനും ശീലാസിനും രാത്രിയിൽ തന്നെ അവിടംവിട്ടു പോകേണ്ടിവന്നു. അങ്ങനെ കൊരിന്തിൽ കഴിയുമ്പോൾ തിമൊഥെയൊസ് തെസ്സലൊനീക്യയിൽനിന്നു വരികയും വിവരങ്ങൾ പൗലൊസിനോടു പറകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പൗലൊസു കൊരിന്തിൽ വെച്ച് എ.ഡി. 51-ൽ ഈ ലേഖനം എഴുതി. അവരുടെ ആത്മിക വളർച്ചയിൽ സന്തോഷിക്കുകയും അവരെ പ്രശംസിക്കുകയും പ്രബോധിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ലേഖനമാണ് ഇത്.

## ലേഖന വിഭജനം

1. തെസ്സലൊനീക്യരെ ഓർത്തു വന്ദനവും സ്തോത്രവും (1:1-9)
2. പൗലൊസിന്റെ ശുശ്രൂഷയുടെ മാതൃക (2:1-12)
3. തെസ്സലൊനീക്യർ എങ്ങനെ സുവിശേഷം സ്വീകരിച്ചു (2:13-16)
4. തിമൊഥെയൊസിന്റെ സന്ദർശന ലക്ഷ്യം (2:17-3:13)
5. പ്രായോഗിക നിർദ്ദേശങ്ങൾ (4:1-5:28)
   - വിശുദ്ധ ജീവിതത്തിന്റെ പ്രാധാന്യം (4:1-8)
   - സ്നേഹത്തിന്റെ പ്രാധാന്യം (4:9-12)
   - കഷ്ടതയിൽ ആശ്വാസം (4:13-18)
   - കർത്താവിന്റെ വരവ് സമീപം (5:1-11)
   - ക്രിസ്തീയ ഉത്തരവാദിത്വങ്ങളും ഉപസംഹാരവും (5:12-28)

### അദ്ധ്യായം 1

## പൗലൊസിന്റെ വന്ദനവും സ്തോത്രവും (1:1-4)

ഈ ലേഖനം തെസ്സലൊനീക്യയിലുള്ള സഭയ്ക്ക് എഴുതുന്ന ലേഖനമാണ്. അവിടെയുള്ള വിശ്വാസികൾക്കു പ്രോത്സാഹനം നൽകുവാൻ ഈ ലേഖനം എഴുതിയിരിക്കുന്നു. പൗലൊസ് ഏഴു സഭകൾക്ക് ഒൻപതു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഇതു സഭയ്ക്ക് എഴുതുന്ന ആദ്യത്തെ ലേഖനമാണ്. തന്റെ രണ്ടാമത്തെ മിഷ്യനറിയാത്രയിൽ സഹപ്രവർത്തകരോടു ചേർന്നു പ്രവർത്തിച്ചതിന്റെ ഫലമായി ഈ സഭ ഉണ്ടായി. അവർക്കു വന്ദനം ചെയ്യുന്നതു ശീലാസിനോടും തിമൊഥെയൊസിനോടും ചേർന്നാണ്. സില്വാനൊസിന്റെ യെഹൂദനാമമാണ് ശീലാസ് എന്നുള്ളത്. താൻ പൗലൊസിനോടു കൂടെ സുവിശേഷഘോഷണം നടത്തുകയും കഷ്ടത സഹിക്കുകയും ചെയ്തു (പ്രവൃ. 16:19-25, 2 കൊരി. 1:19). തിമൊഥെയൊസ് ലുസ്ത്ര സ്വദേ ശിയും പൗലൊസിന്റെ ശിഷ്യനുമായിരുന്നു. തനിക്കു തുല്യചിത്തൻ, വിശ്വാസത്തിൽ നിജപുത്രൻ, ക്രിസ്തുവിന്റെ കാര്യം നോക്കുന്നവൻ എന്നിങ്ങനെ പൗലൊസ് തിമൊഥെയൊസിനെ വിശേഷിപ്പിക്കുന്നു. പൗലൊസിനോടു ചേർന്നു കഷ്ടം സഹിക്കുവാൻ അവൻ മനസ്സുള്ളവനായിരുന്നു (ഫിലി. 1:1). പൗലൊസ് കൊരിന്തിലും മക്കെദോന്യയിലുമുള്ള സഭകളിലെ പ്രശ്നങ്ങൾ പരിഹരിക്കു

വാൻ തിമൊഥെയൊസിനെ നിയോഗിച്ചിരുന്നു (1 കൊരി. 16:10). യുവസഹോദരന്മാർക്കു തന്റെ ഒപ്പം പ്രാധാന്യം നൽകുന്ന അപ്പൊസ്തലന്റെ ഹൃദയം നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

തെസ്സലൊനീക്യ സഭ പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള സഭയാണ്. 'ഞങ്ങൾ സ്ഥാപിച്ച സഭ' എന്നു പൗലൊസ് പറയുന്നില്ല. സഭ എന്ന വാക്കിന്റെ അർത്ഥം ദൈവം തന്റെ നാമത്തിനായി വേർതിരിച്ചു വിളിച്ചുചേർത്ത സമൂഹം എന്നാണ്. ദൈവത്തെ ആരാധിക്കുവാനും അവന്റെ വചനം പഠിക്കുവാനും അവന്റെ സാക്ഷികൾ ആകുവാനും നിയോഗിക്കപ്പെട്ടവരാണ് അവർ (പ്രവൃ. 15:14, 1 പത്രൊ. 2:9). ഇത് ഒരു പ്രാദേശിക സഭയായിരുന്നു. അവർ ക്രിസ്തുവിൽ ആയിത്തീർന്നവരാണ് (റോമർ 8:1). ക്രിസ്തുവിൽ ഒരു പാപി വിശ്വസിക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. ക്രിസ്തുവിൽ വസിക്കുമ്പോൾ ഫലം പുറപ്പെടുവിക്കും (യോഹ. 15:4). ക്രിസ്തു നമ്മിൽ വസിക്കുന്ന ഒരു അനുഭവംകൂടിയുണ്ട് (ഗലാ. 2:20,21). സഭ ക്രിസ്തുവിന്റെ ആലയമാണ് (1 കൊരി. 3:16). രക്ഷിക്കപ്പെട്ട വിശ്വാസികൾ പിതാവായ ദൈവത്തോടു പുത്രൻ മുഖാന്തരം ബന്ധമുള്ളവരാണ്. പിതാ വിന്റെ കയ്യിൽനിന്നും നമ്മെ പിടിച്ചുപറിക്കുവാൻ ആർക്കും കഴിയുന്നതല്ല (യോഹ. 10:28,29). ക്രിസ്തുവാണ് സഭയുടെ സ്ഥാപകൻ (മത്താ. 16:18). സഭ അവനിൽ സുരക്ഷിതമാണ്.

പിതാവും പുത്രനും തമ്മിലുള്ള ബന്ധവും ഇവിടെ വ്യക്തമാക്കിയിരി ക്കുന്നു. അവർ ദൈവത്വത്തിലെ രണ്ട് ആളത്വങ്ങളാണ്. മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു വിഷയമാണ് ഇത്. ഫിലിപ്പോസു കർത്താവിനോട്, 'പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരണം; എന്നാൽ ഞങ്ങൾക്കു മതി' എന്ന് ആവശ്യപ്പെട്ടു. യേശു അവനോടു പറഞ്ഞത്, 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരി ക്കുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ' എന്നായിരുന്നു (യോഹ. 14:8-10). ഈ സത്യം യുക്തികൊണ്ട് അപഗ്രഥിക്കുവാനല്ല, പ്രത്യുത വിശ്വസിക്കുവാനാണ് പറഞ്ഞിരിക്കുന്നത്. കർത്താവു നമുക്കു വിശ്വസിക്കുവാൻ മതിയായ ധാരാളം കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവൻ കർത്താവാണ് അഥവാ ദൈവമാണ്. സ്വർഗ്ഗത്തേക്കാൾ ഉന്നതനാണ്. മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റവനാണ്. അവനിൽ വിശ്വസിക്കുന്നത് എത്ര ധന്യമായ അനുഭവമാകുന്നു.

പൗലൊസ് ഇവിടെ ആശംസിക്കുന്നതു കൃപയും സമാധാനവുമാണ്.കൃപ ഗ്രീക്കുകാരുടെ വന്ദനം ആകുന്നു. ബൈബിളിൽ അതിന് ആഴമായ അർത്ഥമുണ്ട്. പാപിയും ദോഷിയുമായ മനുഷ്യനോടു ദൈവം കാണിക്കുന്ന സഹതാപവും സഹായവുമാണ് കൃപ. ദൈവക്രോധത്തിനു യോഗ്യരായ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് അവനോടു ബന്ധമുള്ളവരാക്കുന്നതാണ് കൃപ (എഫെ. 2:8). അവരിൽ ദൈവം സന്തോഷിക്കുകയും അവരെ പരിപാലിക്കുകയും ചെയ്യുന്നതും കൃപയാലാണ്. ദൈവമക്കൾക്കു കൃപയുടെ ആവശ്യം എന്നും ഉണ്ട്. ഈ ലോകം നമുക്ക് അനുകൂലമല്ല. ഇവിടെ പീഡനവും ഉപദ്രവങ്ങളും നമുക്കുണ്ട്. എന്നാൽ കൃപയുടെ കർത്താവിന്റെ പരിപാലനം നമുക്കു വാഗ്ദത്തം ചെയ്തിരിക്കുന്നു (യോഹ. 1:16, എബ്രാ. 4:16).

യെഹൂദന്മാരുടെ വന്ദനമാണ് സമാധാനം. അതു വെറും ഒരു ആചാരവാക്കായി അവർ ഉപയോഗിക്കുന്നു. കലാപകലുഷിതമായ ലോകയാത്രയിൽ ദൈവമക്കൾക്കു കർത്താവ് അതു വാഗ്ദത്തം ചെയ്തിരിക്കുന്നു. കലഹത്തിന്റെ മദ്ധ്യത്തിൽ സമാധാനം നൽകുവാൻ കർത്താവിനു മാത്രമേ സാധിക്കുകയുള്ളൂ. 'എന്റെ സമാധാനം നിങ്ങൾക്കു തരുന്നു' എന്നു ശിഷ്യന്മാരോടു പറഞ്ഞു (യോഹ. 14:27). ക്രൂശിക്കപ്പെടുന്നതിനു മണിക്കൂറുകൾ മാത്രമുള്ളപ്പോഴാണ് അതു പറഞ്ഞത്. അവർ ക്രിസ്തുവിൽ സമാധാനമുള്ളവരായി. സമാധാനത്തിനു കേഴുന്ന ലോകത്തിൽ കൃപയും സമാധാനവും നിറഞ്ഞ ജീവിതം നമുക്കു നയിക്കാം.

പൗലൊസ് തന്റെ പ്രാർത്ഥന ആരംഭിക്കുന്നതു സ്തോത്രത്തോടു കൂടിയാണ്. ദൈവത്തിനു നന്ദി പറയുന്ന പ്രവൃത്തിയാണ് സ്തോത്രം. സ്തോത്രത്തോടെ നാം പ്രാർത്ഥിക്കുന്നവർ ആകണം. ദൈവമക്കളെ ഓർത്തു പ്രാർത്ഥിക്കുവാനും സ്തോത്രം ചെയ്യുവാനും നമുക്കു കഴിയുന്നുണ്ടോ? അതോ അവരുടെ ന്യൂനവശങ്ങൾ കണ്ടുപിടിച്ചു വിമർശിക്കുവാനാണോ നാം ശ്രമിക്കുന്നത്? ദൈവമക്കളെ ഓർത്തു സന്തോഷിക്കുന്നവർക്കു മാത്രമേ അവർക്കു വേണ്ടി സ്തോത്രത്തോടെ പ്രാർത്ഥിക്കുവാൻ സാധിക്കുകയുള്ളൂ.

തെസ്സലൊനീക്യർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ ആയിരുന്നു. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് അവിടെയാണ്. അതിന്റെ തുടർ ച്ചയും പുരോഗതിയും സ്നേഹത്തിലാകുന്നു നടക്കുന്നത്. അതിന്റെ പൂർണ്ണതയാണ് പ്രത്യാശ. ഇതു ഭൂതവർത്തമാനഭാവികാലാനുഭവങ്ങളാണ്. വിശ്വാസം പ്രവൃത്തികളാൽ വെളിപ്പെടുന്നു. സ്നേഹം ത്യാഗപൂർണ്ണമായ പരിശ്രമങ്ങ ളാൽ പ്രകടമാകും. പ്രത്യാശ കഷ്ടതകൾ സഹിക്കുവാനുള്ള കഴിവുകളിൽ ക്കൂടി പ്രകാശിക്കപ്പെടും. വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ ഉൽക്കൃഷ്ട ഗുണങ്ങൾ ക്രിസ്തീയ ജീവിതത്തെ ധന്യമാക്കിത്തീർക്കും. പൗലൊസ് അതിന്റെ പ്രാധാന്യം ലേഖനങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (കൊലൊ. 1:3,4; എബ്രാ. 10:22-25).

തെസ്സലൊനീക്യർ വിഗ്രഹങ്ങളെ വിട്ട് ദൈവത്തിലേക്കു തിരിഞ്ഞതാണ് അവരുടെ വിശ്വാസത്തിന്റെ വേല. അവർ ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം കേട്ടു. അതു വിശ്വാസമായി ഹൃദയത്തിൽ പരിണമിച്ചു (റോമർ 10:17). അങ്ങനെ അവർ ദൈവത്തിനു പ്രസാദമുള്ളവരായി (യോഹ. 6:27-29). അവർക്ക് അതത്ര എളുപ്പമുള്ള ഒന്നായിരുന്നില്ല. വിഗ്രഹങ്ങളെ ആരാധിക്കുന്ന അനുഭവത്തിൽനിന്നും പൂർണ്ണമായി തിരിഞ്ഞ് ദൈവത്തെ സേവിക്കുവാൻ അവർ തീരുമാനിച്ചു. അന്നുവരെ അവർക്കു കാണുന്ന ദൈവങ്ങൾ ഉണ്ടായിരുന്നു. തൂണിലും തുരുമ്പിലും അവർ ദൈവത്തെ കണ്ടെത്തിയിരുന്നു. ക്രിസ്തുവിനെ അവർ കണ്ടിട്ടില്ല. അവന്റെ ക്രൂശുമരണം, പുനരുത്ഥാനം,

വീണ്ടുംവരവ് എന്നീ വിഷയങ്ങൾ അവർ കേട്ടു. അവർ അതു വിശ്വസിച്ചു. കാണാൻ അനേക കാര്യങ്ങൾ ഉള്ള പ്പോൾ കാണാൻ കഴിയാത്ത സത്യങ്ങൾ അംഗീകരിക്കുന്നതാണ് വിശ്വാസം (എബ്രാ. 11:1). ആ വിശ്വാസം യഥാർത്ഥ മാണെന്നു പ്രവൃത്തികളിൽക്കൂടി വെളിപ്പെടുത്തുന്നതാണ് വിശ്വാസത്തിന്റെ വേല. അത് ഒരു ചത്ത അനുഭവമല്ല. തത്വചിന്തകളും സിദ്ധാന്തങ്ങളും ചൈതന്യരഹിതമാണ്. വിശ്വാസം ചൈതന്യപൂർണ്ണവും ഹൃദയത്തിൽ വ്യാപരി ക്കുന്ന അനുഭവവുമാണ്.

രണ്ടാമതായി തെസ്സലൊനീക്യരുടെ സ്നേഹപ്രയത്നത്തെ സ്മരിച്ചുകൊണ്ട് അപ്പൊസ്തലൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ദൈവം നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടാണ് നാം അവനെ സ്നേഹിക്കുന്നത്. സ്നേഹം എന്തെന്നു മനസ്സിലാക്കുവാൻ നാം ക്രിസ്തുവിനെ കാണണം (1 യോഹ. 3:16). രക്ഷിക്കപ്പെട്ടവരുടെ ഹൃദയത്തിൽ ആ സ്നേഹം ദൈവം പകർന്നിരിക്കുന്നു. ജീവനുള്ള ദൈവത്തിനു മാത്രമേ സ്നേഹിക്കുവാൻ കഴിയുകയുള്ളൂ. ശത്രുക്കളായ നമ്മെ സ്നേഹിച്ച ദൈവത്തെ നാം സ്നേഹിക്കണം. അവനു വേണ്ടി കഷ്ടങ്ങൾ സഹിച്ചും പ്രയ ത്നിക്കണം. അതിനു നമ്മെ നിർബന്ധിക്കേണ്ടതു ക്രിസ്തുവിന്റെ സ്നേഹമാണ് (2 കൊരി. 5:14). ക്രിസ്തുവിനു വേണ്ടി അപമാനം സഹിച്ചും അദ്ധ്വാനിക്കണം. കർത്താവിനെ പ്രസാദിപ്പിക്കുവാൻ സ്നേഹപ്രയത്നങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ. നമ്മുടെ ശുശ്രൂഷകളെ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ വിലയിരുത്തുന്നതും ആ മാനദ ണ്ഡത്തിൽ ആയിരിക്കും (1 കൊരി. 3:10-15).

മൂന്നാമതായി അവരുടെ പ്രത്യാശയുടെ സ്ഥിരത കണ്ടു പൗലൊസ് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. വിശ്വാസത്തിന്റെ വേല സ്നേഹ പ്രയത്നം ഉളവാക്കി. അതു പ്രത്യാശയുള്ളവരാകുവാൻ തെസ്സലൊനീക്യരെ സഹായിച്ചു. അവർ ബഹുകഷ്ടം സഹിച്ചിരുന്നു. സ്വജാതിക്കാരിൽനിന്നും അവർക്ക് ഉപദ്രവങ്ങൾ നേരിട്ടു. സാത്താന്റെ പരീക്ഷകളും സഹിക്കേണ്ടി വന്നു (2:14; 3:5). ഇതിനൊന്നും അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. കർത്താവ് അവരെ ഇതിൽനിന്നു രക്ഷിക്കുമെന്ന് അവർക്കു പ്രതീക്ഷയുണ്ടായിരുന്നു. അവരുടെ പ്രതീക്ഷ കർത്താവു സ്വർഗ്ഗത്തിൽനിന്നും അവരെ ചേർക്കുവാൻ വരും എന്നുള്ളതായിരുന്നു (1:9). ആ പ്രത്യാശ നമ്മിൽ സഹിഷ്ണുത ഉളവാക്കും. ദൈവജനമേ, നമ്മെ കാണുന്നവർ കർത്താവിനു സ്തോത്രം ചെയ്യുവാൻ മതിയായ സൽഗുണങ്ങൾ നമ്മിൽ ഉണ്ടോ എന്നു ശോധന ചെയ്യാം.

തെസ്സലൊനീക്യയിലുള്ള വിശ്വാസികൾ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമായി രുന്നു. നാം സ്നേഹിക്കപ്പെടുവാൻ യോഗ്യത ഉള്ളവരല്ലായിരുന്നു. നാം ശത്രുക്കളും ദോഷികളും അഭക്തരും മാത്രമാണ്. എന്നാൽ പരിശുദ്ധനായ ദൈവം നമ്മെ സ്നേഹിച്ചു. നമ്മെ തനിക്കു പ്രിയമുള്ളവരാക്കുവാൻ പ്രസാ ദിച്ചു. പുത്രനെ സ്നേഹിക്കുന്നതുപോലെ പുത്രനുള്ളവരേയും പിതാവു സ്നേഹിക്കുന്നു (യോഹ. 17:23). ലോക സ്ഥാപനത്തിനു മുമ്പ് നമ്മെ സ്നേഹിച്ചു. അത് എങ്ങനെ സാധിക്കും? ലോകസ്ഥാപനത്തിനു മുമ്പേ പിതാവു ക്രിസ്തുവിനെ സ്നേഹിച്ചിരുന്നു (യോഹ. 17:24). ആ സ്നേഹത്തിൽ ക്രിസ്തുവിലുള്ളവരേയും ബന്ധപ്പെടുത്തി യിരിക്കുന്നു. പ്രിയനായവനിൽ പിതാവു നമ്മെ കണ്ടു. അങ്ങനെ നിത്യസ്നേഹംകൊണ്ടു നമ്മെ സ്നേഹിച്ചു (യി രെ. 31:3). ആ സ്നേഹത്തിൽ നാം തിരഞ്ഞെടുക്കപ്പെട്ടു. അതു നാം മനസ്സിലാക്കുന്നതു ക്രിസ്തുവിൽ വിശ്വസി ക്കുമ്പോഴാകുന്നു. ദൈവം തന്റെ സർവ്വജ്ഞാനത്തിൽ അതു ചെയ്യുന്നു. ദൈവവചനം ആ സത്യം വ്യക്തമാക്കു ന്നു. ക്രിസ്തുവിൽ ആണ് നമ്മെ തിരഞ്ഞെടുത്തത്. കൃപയാൽ നാം തിരഞ്ഞെടുക്കപ്പെട്ടവരാണ്. നമ്മെ രക്ഷ യ്ക്കായി തിരഞ്ഞെടുത്തിരിക്കുന്നു (എഫെ. 1:4, 2 തെസ്സ. 2:13). നമ്മെ തിരഞ്ഞെടുത്തപ്പോൾ ദൈവത്തിനു പ്രത്യേക ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. നാം അവനെ ആരാധിക്കുവാനും അവനിൽ ആനന്ദിക്കുവാനും അവനെ ആഘോഷി ക്കുവാനും നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. നാം ഈ സ്നേഹവാനായ ദൈവത്തെ പ്രതിഫലിപ്പിക്കുന്നവരാണോ എന്നു നമ്മോടുതന്നെ ചോദിക്കാം?

## സുവിശേഷത്തിന്റെ ശക്തി (1:5)

തെസ്സലൊനീക്യയിലെ വിശ്വാസികൾ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ്. അതുകൊണ്ടാണ് സുവിശേഷം അവരുടെ അടുക്കൽ എത്തിയത്. അത് ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല. പൗലൊസിന്റെ രണ്ടാം മിഷ്യനറി യാത്രയിൽ തെസ്സലൊനീക്യയിൽ പോകുവാൻ പ്ലാൻ ഇല്ലായിരുന്നു. എന്നാൽ ത്രോവാസ് തുറമുഖത്തുവെച്ചു തനിക്ക് ഒരു ദർശനമുണ്ടായി. അങ്ങനെ മക്കെദോന്യയിൽ സുവിശേഷഘോഷണം നടത്തുവാനുള്ള വിളി ലഭിച്ചു. പരിശുദ്ധാത്മാവിനാൽ പൗലൊസും കൂട്ടുസഹോദരന്മാരും നടത്തപ്പെട്ടു. ആദ്യമായി ഫിലിപ്പ്യയിൽ ക്രിസ്തുവിനെ സാക്ഷിച്ചു. തൽഫലമായി ഒരു സഭ അവിടെ ഉണ്ടായി. അവിടെ പൗലൊസും ശീലാസും കഷ്ടവും അപമാനവും സഹിച്ചു. അതൊന്നും അവരെ സുവിശേഷഘോഷണത്തിൽനിന്നും പിൻതിരിപ്പിച്ചില്ല. തുടർന്ന് അവർ തെസ്സലൊ നീക്യയിൽ എത്തി സുവിശേഷം ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ പ്രസംഗിച്ചു. അതിനു ദൈവം അവരെ ധൈര്യപ്പെടുത്തി. സുവിശേഷകന്മാർ ശ്രദ്ധിക്കുവാൻ ആവശ്യമുള്ള സത്യങ്ങളാണ് ഇവ.

സുവിശേഷം തെസ്സലൊനീക്യയിൽ എത്തിയതു മൂന്നു വിധത്തിലാണ്. അത് വചനമായി മാത്രമല്ല അവിടെ അറിയിച്ചത്. പ്രസംഗപാടവംകൊണ്ടു മാത്രം സുവിശേഷം ഫലകരമാകയില്ല. അതു ദൈവശക്തിയുള്ള വചന മായി അറിയിക്കണം (റോമർ 1:16). അപ്പോൾ മാത്രമേ ഹൃദയങ്ങളിൽ പരിവർത്തനം സൃഷ്ടിക്കുകയുള്ളൂ. ലോക ത്തിലെ യാതൊരു ശാസ്ത്രത്തിനും ഹൃദയപരിവർത്തനം വരുത്തുവാൻ കഴിയുന്നതല്ല. പൗലൊസ് പ്രസംഗിച്ച

സുവിശേഷം ജ്ഞാനത്തിന്റെ വശീകരണവാക്കുകൾ ആയിരുന്നില്ല. പ്രത്യുത പരിശുദ്ധാത്മശക്തിയോടുകൂടെയായിരുന്നു. പരിശുദ്ധാത്മാവിനു മാത്രമേ പാപബോധ വും പശ്ചാത്താപവും ഉളവാക്കുവാൻ കഴിയുകയുള്ളൂ (യോഹ. 16:8). നാം വീണ്ടും ജനിക്കുന്നതു പരിശുദ്ധാത്മാവിനാലാണ്. നാം ദൈവമക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു (റോമർ 8:16, 1 യോഹ. 3:9). യേശു ജഡത്തിൽ വന്ന ദൈവപുത്രനാണെന്നു വിശ്വസിക്കു ന്നവർ പരിശുദ്ധാത്മാവുള്ളവരാണ്. അല്ലാത്തതൊക്കെയും അന്തിക്രിസ്തുവിന്റെ ആത്മാവാകുന്നു (1 യോഹ. 4:1-3). ആത്മാക്കളെ വിവേചിക്കേണ്ട ഒരു കാലത്താണ് നാം ജീവിക്കുന്നത്. പരിശുദ്ധാത്മാവുള്ളവർ വിശുദ്ധ ജീവിതം ലോകത്തിനു കാഴ്ചവയ്ക്കും. അവർ ഒച്ചപ്പാടും ബഹളവും ഉപേക്ഷിച്ചു ദൈവഭയത്തിൽ ജീവിക്കുന്നവർ ആകും. അവരിൽനിന്നും അഹങ്കാരത്തിന്റെയും സ്വയപ്രശംസയുടെയും ശബ്ദം ഉയരുകയില്ല.

സുവിശേഷം തെസ്സലൊനീക്യയിൽ ചെന്നതു ബഹുനിശ്ചയത്തോടെ യാണ്. അനുമാനങ്ങളിൽ അധിഷ്ഠിതമായ വചനമായിരുന്നില്ല അത്. ക്രിസ്തുവിനെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞവരായി അപ്പൊസ്തലനും സഹപ്രവർത്തകരും സുവിശേഷം അറിയിച്ചു. സംശയത്തിന്റെ ധ്വനി ഒന്നും അതിൽ ഉണ്ടായിരുന്നില്ല. ക്രിസ്തുവിൽ മാത്രമേ രക്ഷയുള്ളൂ എന്നു പൂർണ്ണനിശ്ചയമുള്ളവരായി അവർ സുവിശേഷം അറിയിച്ചു (പ്രവൃ. 4:12). പഴയനിയമത്തെ ആധാരമാക്കി ക്രിസ്തുവിന്റെ മരണപുനരുത്ഥാനം അവരുടെ രക്ഷയ്ക്ക് ആവശ്യമായിരുന്നു എന്നു തെളിയിച്ചു വിവരിച്ചു (പ്രവൃ. 17:2,3). അവരുടെ ജീവിതവും പരിശുദ്ധാത്മാവിന്റെ നിയന്ത്രണമുള്ള വിശുദ്ധ ജീവിതം ആയിരുന്നു. സുവിശേഷഘോഷണത്തിൽ അനുകരിക്കേണ്ട ഉത്തമ മാതൃക ഇവിടെ നാം കാണുന്നു. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ.

### സുവിശേഷം എങ്ങനെ സ്വീകരിക്കണം (1:6)

തെസ്സലൊനീക്യയിലെ വിശ്വാസികൾ സുവിശേഷം നിമിത്തം ബഹുകഷ്ടങ്ങൾ സഹിക്കുന്നവരായിരുന്നു. ഭൂലോകത്തെ കലഹിപ്പിക്കുന്നവർ എന്നത്രെ സുവിശേഷഘോഷണത്തിൽ ഏർപ്പെട്ടവരെ വിളിച്ചിരുന്നത്. വിശ്വാസികൾ അവിശ്വാസികളാൽ ഉപദ്രവം അന്നു സഹിച്ചു. എങ്കിലും അവർ സുവിശേഷം കൈക്കൊള്ളുവാൻ മനസ്സുള്ളവരായി. അതിനുവേണ്ടി എന്തു കഷ്ട വും സഹിക്കുവാൻ സന്നദ്ധരായി. അതിന് അവരെ പ്രാപ്തരാക്കിയത് ദൈവവചനത്തിൽക്കൂടി ലഭിക്കുന്ന സന്തോഷവും സമാധാനവും കഷ്ടതകളേ ക്കാൾ ശ്രേഷ്ഠമാകുന്നു എന്നുള്ള പരിജ്ഞാനമായിരുന്നു. ക്രൂശുമരണം സഹിക്കുന്നതിനു മണിക്കൂറുകൾ മാത്രമുള്ളപ്പോൾ ക്രിസ്തു ശിഷ്യന്മാർക്കു തന്റെ സന്തോഷം വാഗ്ദത്തം ചെയ്തു (യോഹ. 15:11). നാം ദൈവവചനം കേൾക്കുകയും, അതു ചിന്തിക്കുകയും, ധ്യാനിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ സന്തോഷം അനുഭവിക്കുവാൻ കഴിവുള്ളവർ ആകും. ലോകം നൽകുന്ന സന്തോഷം താല്ക്കാലികമാണ്. സമ്മർദ്ദങ്ങളുടെ മുൻപിൽ അത് ഇല്ലാതാകും. പരിശുദ്ധാത്മാവു ഹൃദയത്തിൽ ഉളവാക്കുന്ന സന്തോഷം കഷ്ടത കളിൽ സന്തോഷിക്കുവാൻ പ്രാപ്തരാക്കുന്ന ദിവ്യസന്തോഷം ആകുന്നു (2 കൊരി. 6:10).

അങ്ങനെ തെസ്സലൊനീക്യർ അപ്പൊസ്തലൻമാർക്കും കർത്താവിനും അനുകാരികൾ ആയി. അനുകരിക്കുന്നത് ഒരാൾ ചെയ്തതുപോലെ ചെയ്യുക എന്നതാണ്. അവർ കഷ്ടതകളിൽ സന്തോഷിച്ചു കർത്താവിനെ അനുകരിച്ചു അഥവാ സന്തോഷത്തോടെ കഷ്ടത സഹിച്ചു. ക്രിസ്ത്യാനി ക്രിസ്തു ജീവിച്ചതുപോലെ ജീവിക്കണം. ക്രിസ്തുവിനെക്കുറിച്ചുള്ള പാണ്ഡിത്യമല്ല ഒരുവനെ യഥാർത്ഥ ക്രിസ്ത്യാനി ആക്കുന്നത്. നാം ക്രിസ്തുവിന്റെ അനുകാരികൾ ആകുന്നുവോ?

### എല്ലാവർക്കും മാതൃകയായി (1:7-9)

തെസ്സലൊനീക്യയിലെ വിശ്വാസികൾ മറ്റു സഭകൾക്കു മാതൃകയായി. ക്രിസ്തുവിനെ അനുകരിച്ചതുമൂലമാണ് അതു സംഭവിച്ചത്. ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും അവർ ദൈവവചനത്തിൽ അടിയുറച്ചുനിന്നു. അതു കണ്ടവർ ക്രിസ്തുവിൽ ധൈര്യപ്പെടുവാൻ ഇടയായി. മറ്റു സംസ്ഥാനങ്ങളിലുള്ളവരും അതു ശ്രദ്ധിച്ചു. ക്രിസ്തുവിനെ അനുകരിക്കുമ്പോൾ വിശ്വാസികൾ മാത്രമല്ല ലോകവും അതു ശ്രദ്ധിക്കും. ആദ്യം അവർ കാണുന്നതു നമ്മുടെ ജീവിതം ആണ്. എങ്ങനെയാണ് അവർ മാതൃകയായത്? ഒന്നാമതായി അവരുടെ അടുക്കൽനിന്നു കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നു. അതുകൊണ്ടുള്ള ആശയം അവർ സുവിശേഷഘോഷണത്തിൽ അതീവ ഉത്സാഹമുള്ളവർ ആയിരുന്നു എന്നാണ്. സുവിശേഷം കർത്താവിന്റെ വചനമാണ്. അതിനോടു മായം കലർത്താതെ അറിയിക്കണം. കഷ്ടതകളുടെ മദ്ധ്യത്തിൽ ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നതു കാഹളത്തിന്റെ മുഴക്കംപോലെയാണ്. അങ്ങനെയുള്ള ഒരു ജീവിതമാണോ നമുക്കുള്ളതെന്നു സ്വയം പരിശോധിക്കാം.

രണ്ടാമതായി അവർക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരുന്നു. ഇത് അവരുടെ ജീവിതത്തിൽ വലിയ പരിവർത്തനം സൃഷ്ടിച്ചു. ദൈവ ത്തെക്കുറിച്ചുള്ള അറിവല്ല ദൈവത്തിലുള്ള ആശ്രയമാണ് അതിനു കാരണം. ദൈവത്തിൽ സമർപ്പിച്ചുകൊണ്ടുള്ള ആശ്രയമാണ് ദൈവത്തിലുള്ള വിശ്വാസം കൊണ്ട് അർത്ഥമാക്കുന്നത്. ആരിൽ വിശ്വസിക്കുന്നു എന്നതിനാണ് പ്രാധാന്യം. ഒരു കാലത്ത് അവർ കാണുന്ന ദൈവങ്ങളെ ആരാധിച്ചവരായിരുന്നു. ഇപ്പോൾ കാണാത്ത ദൈവത്തിന്റെ ശക്തി രുചിച്ചറിഞ്ഞ് ആ ദൈവത്തിൽ വിശ്വസിക്കുന്നു. അവർ സഭയിലും പുറത്തും സാക്ഷ്യമുള്ളവരായിരുന്നു. അതുകൊണ്ടു മറ്റുള്ളവർ അവരെക്കുറിച്ചു സാക്ഷിക്കുവാൻ ആവശ്യം ഉണ്ടായില്ല. നമുക്കും അതിനായിട്ട് ആഗ്രഹിക്കാം.

തുടർന്നു തെസ്സലൊനീക്യർ എങ്ങനെ പൗലൊസിനെ സ്വീകരിച്ചു എന്നു ചൂണ്ടിക്കാണിക്കുന്നു. സുവിശേഷം ഘോഷിക്കുന്നവരെ ഭൂലോകത്തെ കലഹിപ്പിക്കുന്നവർ എന്നു വിശേഷിപ്പിച്ചിരുന്നു. അവർ കൈസർക്ക് എതിരെ പ്രവർത്തിക്കുന്നവരാണ്. ഈ സാഹചര്യത്തിൽ പൗലൊസു പ്രസംഗിച്ച സുവിശേഷം സ്വീകരിക്കുക എന്നുള്ളത് അത്ഭുതം ഉളവാക്കുന്ന വിഷയമാണ്. തെസ്സലൊനീക്യർ അതു ചെയ്തു. യേശുക്രിസ്തുവിനെ ദൈവവും കർത്താവുമായി സ്വീകരിച്ചു. സങ്കൽപങ്ങളും ശക്തിരഹിതവുമായ വിഗ്രഹങ്ങൾ അവർ ഉപേക്ഷിച്ചു. അവർ സത്യദൈവത്തിങ്കലേക്കു തിരിഞ്ഞുവന്നത് അവനെ സേവിപ്പാനായിരുന്നു. കേവലം ദൈവത്തിങ്കലേക്കു തിരിഞ്ഞു തൃപ്തിപ്പെടുന്ന ഒന്നല്ല ക്രിസ്തീയ ജീവിതം. പ്രത്യുത ആ ദൈവത്തെ ആയുഷ്കാലം മുഴുവൻ സേവിക്കുന്നതാകുന്നു. പ്രതിഫലത്തിനുവേണ്ടി സേവിക്കുകയല്ല, സേവിക്കുന്നതുകൊണ്ടു പ്രതിഫലം ലഭിക്കുകയാണ്.

വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞതു വീണ്ടും വരുന്ന ക്രിസ്തുവിനായി കാത്തിരിപ്പാനായിരുന്നു. നാം കർത്താവിനെ സേവിക്കുന്ന തിന് ഈ പ്രത്യാശ പ്രേരണ നൽകുന്നു. യേശു സ്വർഗ്ഗത്തിൽനിന്നും വരും എന്ന് അവർ വിശ്വസിച്ചു. കർത്താവ് എപ്പോൾ വരും എന്നു പറഞ്ഞിട്ടില്ല. അതുകൊണ്ട് എപ്പോഴും ഉണർന്നിരിപ്പാൻ കല്പിച്ചിരിക്കുന്നു. ഈ പ്രത്യാശ തെസ്സലൊനീക്യരിൽ ഉളവാക്കിയ പ്രതികരണം ശ്രദ്ധേയമാണ്. അവർ വിഗ്രഹ ങ്ങളെ എന്നേക്കുമായി ഉപേക്ഷിച്ചു. കർത്താവിനെക്കാൾ കൂടുതലായി സ്നേ ഹിക്കുന്ന എന്തും നമ്മുടെ വിഗ്രഹങ്ങളാണ്. കൂടാതെ അവർ ദൈവത്തെ സേവിച്ചു. ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും വിശ്വാസത്തിൽനിന്നും പിൻമാറി യില്ല. സുവിശേഷഘോഷണത്തിൽ ഉത്സാഹമുള്ളവരായി. കർത്താവിന്റെ വരവിനായി പ്രത്യാശിക്കുന്നവരിൽ ഈ ഗുണങ്ങൾ കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

ക്രിസ്തുവിനെക്കുറിച്ചുള്ള അറിവാണ് ഈ പ്രത്യാശയുള്ളവരാകുവാൻ തെസ്സലൊനീക്യരെ സഹായിച്ചത്. അവൻ ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാണ്. വരുവാനുള്ള കോപത്തിൽനിന്നും നമ്മെ വിടുവിക്കുന്നവനാണ്. യേശുവിനെ ദൈവം ഉയിർത്തെഴുന്നേൽപ്പിച്ചത് അവൻ ദൈവപുത്രനായതുകൊണ്ടാണ് (റോമർ 1:5). മരണത്തിന് അവനെ പിടിച്ചുവെയ്ക്കാൻ അസാദ്ധ്യ മായിരുന്നു (പ്രവൃ. 2:24). ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഒരിക്കൽ ലോകത്തെ നീതിയിൽ ന്യായം വിധിക്കും (പ്രവൃ. 17:30,31). ക്രിസ്തുവിന്റെ പുനരുത്ഥാന ത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളും പങ്കുവഹിക്കുന്നുണ്ട്.

കൂടാതെ നമ്മുടെ കർത്താവു വരുവാനുള്ള കോപത്തിൽനിന്നും നമ്മെ വിടുവിക്കുന്നവനാണ്. പാപികൾ ദൈവക്രോധം സഹിക്കേണ്ടവരാണ്. ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ അതു നമുക്കുവേണ്ടി സഹിച്ചു. അതുകൊണ്ടു ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1). യോഹന്നാൻ സ്നാപകൻ വരുവാനുള്ള കോപത്തെ ഒഴിഞ്ഞു രക്ഷപ്പെടുവാൻ ആഹ്വാനം ചെയ്തു. ക്രിസ്തു അതു നമുക്കുവേണ്ടി ക്രൂശിൽ സഹിച്ചതുകൊണ്ടു ന്യായവിധിയിൽനിന്നും വിടുതൽ ലഭിക്കുന്നു. സുവിശേഷത്തിൽ വിശ്വസിക്കാത്തവർ ആ ശിക്ഷാവിധി അനുഭവിക്കും. മാനസാന്തരപ്പെടാത്തവർ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു കോപം ചരതിച്ചുവെക്കുന്നു (റോമർ 2:5). ഇവിടെ കോപം എന്നുള്ള വാക്കിന്റെ അർത്ഥം പാപത്തിനെതിരെയുള്ള ദൈവത്തിന്റെ മനോഭാവം എന്നാണ്. കർത്താവിൽ വിശ്വസിക്കുമ്പോൾ ദൈവകോപത്തിൽനിന്നും നാം വിടുതൽ പ്രാപിക്കുന്നു. നാം കർത്താവിനായി കാത്തിരിക്കുന്നവരാണ്. ഈ ദ്രവത്വമുള്ള ശരീരത്തിന്റെ വീണ്ടെടുപ്പിനായി കാത്തിരിക്കുന്നു (റോമർ 8:23-25). ആ പ്രത്യാശയിൽ നമുക്കു വർദ്ധിച്ചുവരാം. വരുവാനുള്ളവൻ വരും, താമസിക്കയുമില്ല. ആ നല്ല കർത്താവിനായി കാത്തിരിക്കുന്നത് എത്ര ഭാഗ്യമാകുന്നു!

## അദ്ധ്യായം 2

### അപ്പൊസ്തലന്റെ മാതൃക (2:1-6)

തെസ്സലൊനീക്യ സഭ ഒരു മാതൃകാസഭയായിരുന്നു. അവർ മാതൃകയുള്ള വിശ്വാസികൾ ആയി കർത്താവിനെ അനുകരിച്ചു. അവരെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുവാൻ പൗലൊസിനു കഴിഞ്ഞു. രണ്ടാം അദ്ധ്യായത്തിൽ അപ്പൊസ്തലനും കൂട്ടുസഹോദരന്മാരും എങ്ങനെ തെസ്സലൊനീക്യയിൽ ശുശ്രൂഷിച്ചു എന്നു വ്യക്തമാക്കിയിരിക്കുന്നു. ഇതു തെസ്സലൊനീക്യർ അറിയുന്ന കാര്യമാണ്. ദൈവദാസന്മാർ സാക്ഷ്യമുള്ളവർ ആയിരിക്കണം. ദൈവമക്കൾ സഹോദരന്മാരാണ്. ആത്മിക കുടുംബബന്ധമാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. അപ്പൊസ്തലന്റെ തെസ്സലൊനീക്യ സന്ദർശനം യാദൃച്ഛികമായിരുന്നില്ല. താനും ശീലാസും ഫിലിപ്പിയിൽ വെച്ചു കഷ്ടവും അപമാനവും സഹിച്ചു. അതൊന്നും തന്നെ പിൻതിരിപ്പിച്ചില്ല. അവർ ദൈവത്തിൽ ധൈര്യപ്പെട്ടു സുവിശേഷം പ്രസംഗിച്ചു. തനിക്കു ഭവിക്കുന്നതൊക്കെയും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി കൂടി വ്യാപരിപ്പിക്കുവാൻ ദൈവത്തിനു കഴിയും എന്നുള്ള വിശ്വാസം പൗലൊസിനുണ്ടായിരുന്നു. അവർ ദൈവത്തെ അനുസരിച്ചു (പ്രവൃ. 4:18,19).

അപ്പൊസ്തലൻ തെസ്സലൊനീക്യരെ പ്രബോധിപ്പിക്കുന്നു. കഷ്ടപ്പെടുന്നവരെ ആശ്വസിപ്പിക്കുക, ആത്മിക ജീവിതത്തിന് ഉതകുന്ന ഉപദേശവും പ്രോത്സാഹനവും നൽകുക എന്നീ ആശയങ്ങളാണ് അതിനുള്ളത്. സുവിശേഷം ക്രിസ്തുവിങ്കലേക്ക് ആഹ്വാനം ചെയ്യുന്നു. അതു സ്വീകരിക്കുന്നവർ ക്രിസ്തുവിനെക്കുറിച്ചുള്ള സത്യങ്ങൾ അറിഞ്ഞ് അവനിൽ നിലനിൽക്കുന്നവർ ആകണം. അതിനു പ്രബോധനം ആവശ്യമാകുന്നു. അവരുടെ പ്രബോധനം അബദ്ധത്തിൽനിന്നോ അശുദ്ധിയിൽനിന്നോ ആയിരുന്നില്ല. അതു മനുഷ്യന്റെ ബുദ്ധിമൂശയിൽ ഉരുത്തി

രിഞ്ഞുവന്ന ആശയങ്ങൾ ആയിരുന്നില്ല. അതു കുറെ ആദർശങ്ങളോ തത്വചിന്തകളോ അല്ല. പ്രത്യുത ക്രിസ്തു എന്ന ആളത്വത്തിൽ കേന്ദ്രീകരിച്ചിട്ടുള്ള സത്യം ആകുന്നു. ക്രിസ്തുവാണ് ക്രിസ്തീയത്വം. അവനെ പ്രസംഗിക്കുന്നതാണ് സുവിശേഷീകരണം.

പൗലൊസിന്റെ പ്രബോധനം അശുദ്ധിയിൽനിന്നും വന്നതല്ലായിരുന്നു. അശുദ്ധി ലൈംഗിക പാപത്തെ സൂചിപ്പിക്കുന്നു. അന്നു മതപുരോഹിതന്മാർ കാമവികാരശമനത്തിനായി സ്ത്രീകളെ വിധേയപ്പെടുത്തിയിരുന്നു. അവർ ദേവന്മാരെ പ്രസാദിപ്പിക്കുന്നു എന്നു പഠിപ്പിച്ചിരുന്നു. അങ്ങനെയാണ് ദേവദാസി സമ്പ്രദായം നിലവിൽവന്നത്. ദൈവമക്കൾ വിശുദ്ധി ഉള്ളവർ ആയിരിക്കണം. അവരുടെ ജീവിതവും ശുശ്രൂഷകളും അശുദ്ധരുടെ മദ്ധ്യത്തിൽ വിശുദ്ധനായി ജീവിച്ച ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം.

അപ്പൊസ്തലന്റെ പ്രബോധനം വ്യാജത്തോടെ ആയിരുന്നില്ല. സത്യമല്ലാത്ത കാര്യം സത്യമാണെന്നു ധരിപ്പിക്കുന്ന വഞ്ചനയാണ് വ്യാജം. മോഹന വാഗ്ദാനങ്ങൾ നൽകി മനുഷ്യരെ വഞ്ചിക്കുന്ന പ്രവണത ആത്മിക ഗോളത്തിൽ കാണാവുന്നതാണ്. സത്യം മറച്ചുവെച്ച് കർണ്ണരസമാകുമാറ് ഉപദേശിക്കുന്നവർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അവരുടെ വെറും വഞ്ചനയിൽ നാം വീഴരുത് (കൊലൊ. 2:8). പൗലൊസും കൂട്ടുസഹോദരന്മാരും സത്യവചനം പ്രസംഗിച്ചുകൊണ്ടു ദൈവത്തിനു കൊള്ളാകുന്നവരായി നിന്നു. ആ മാതൃക നമുക്കും അനുകരിക്കാം.

സുവിശേഷം ദൈവം തന്നെ ഏല്പിച്ചതാണെന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു. അതുകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കുന്നതു തന്റെ ജീവിതലക്ഷ്യമായിരുന്നു. താൻ ദൈവത്തിന്റെ ഗൃഹവിചാരകനാണ്. ഗൃഹവിചാരകർ ദൈവമുൻപാകെ വിശ്വസ്തർ ആയിരിക്കണം. സുവിശേഷം നമ്മെ ഭരമേല്പിക്കുവാൻ നാം യോഗ്യരാണോ?

പൗലൊസും സ്നേഹിതരും അതിനായി ദൈവകരങ്ങളിൽ അവരെ സമർപ്പിച്ചു. യജമാനനു പ്രയോജനപ്പെടുവാൻ സമർപ്പണം ആവശ്യമാകുന്നു. ദൈവകരങ്ങളിൽ താണിരിപ്പാനുള്ള മനസ്സുണ്ടാകണം. വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവും ഉള്ളവർക്കു മാത്രമേ യഹോവയുടെ അനുഗ്രഹം പ്രാപിപ്പാൻ കഴിയുകയുള്ളൂ (സങ്കീ. 24:4,5). ദൈവത്തിനു കൊള്ളാകുന്ന മാനപാത്ര ങ്ങളാകുവാൻ നമുക്കു ശ്രമിക്കാം.

സുവിശേഷം അറിയിക്കുവാൻ നിയോഗം ലഭിച്ചവർ മനുഷ്യരെ പ്രസാദിപ്പിക്കുന്നവർ ആകരുത്. മനുഷ്യരുടെ അംഗീകാരവും ആനുകൂല്യവും ലഭിക്കുവാൻ എന്തും ചെയ്യുവാൻ മടിക്കാത്തവർ ആത്മിക ഗോളത്തിൽ ഉണ്ട്. ദൈവം അവരെ പോറ്റിപ്പുലർത്തുവാൻ മതിയായവനാണെന്ന് അവർ വിശ്വസിക്കാത്തതാണ് അതിന്റെ കാരണം. അപ്പൊസ്തലന്മാർ ദൈവത്തിൽ ധൈര്യപ്പെട്ടു സുവിശേഷം പ്രസംഗിച്ചു (പ്രവൃ. 4:13). അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ആയിരുന്നു. മനുഷ്യരെ പ്രസാദിപ്പിക്കുന്നവർക്കു ക്രിസ്തുവിന്റെ ദാസന്മാരാകുവാൻ കഴിയുന്നതല്ല (ഗലാ. 1:10).

സുവിശേഷകന്മാർ സ്വന്തകാര്യം സാധിക്കുവാൻ മുഖസ്തുതി ഉപയോഗിക്കുന്നവർ ആകരുത്. സുവിശേഷത്തിനു മുഖസ്തുതി ഇല്ല. അതു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ അറിയിക്കുന്ന ദൂതാകുന്നു. മനുഷ്യവർഗ്ഗത്തിനുള്ള ഏക രക്ഷാമാർഗ്ഗം ക്രിസ്തു ആകുന്നു. മുഖസ്തുതി ഉപയോഗിച്ച് ആരെയും രക്ഷിക്കുവാൻ കഴിയുന്നതല്ല.

സുവിശേഷവേല പണസമ്പാദനത്തിന്റെ മാർഗ്ഗമായി സ്വീകരിക്കരുത്. കർത്താവു നമ്മെ വിളിച്ചു എങ്കിൽ നമ്മെ പുലർത്തുവാനും അവനു കഴിയും. ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണം ആണ്. സുവിശേഷഘോഷണം പണസമ്പാദനത്തിന് ഉപാധിയായി തീർക്കുന്നവർ ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദയുടെ അനുയായികൾ ആണ്. സുവിശേഷവേലയിൽ ഏർപ്പെടുന്നവരെ സഹായിക്കുവാനുള്ള ഉത്തരവാദിത്വം സഭകൾക്കുള്ളതാകുന്നു. അവരെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്ന സഭകൾ അനുഗ്രഹിക്കപ്പെടും.

കർത്തൃദാസന്മാർ അധികാരപ്രേമികൾ ആകരുത് (2:6). പൗലൊസ് ഒരു അപ്പൊസ്തലൻ ആയിരുന്നു. തനിക്കു പദവിയും അധികാരവും ഉണ്ട്. എന്നാൽ അതൊന്നും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാൻ താൻ ശ്രമിച്ചില്ല. എല്ലാവരും തന്നെ ബഹുമാനിക്കണം എന്ന മനോഭാവം തനിക്കില്ലായിരുന്നു. ശിഷ്യന്മാരുടെ കാലുകൾ കഴുകിയ കർത്താവിന്റെ മനസ്സു നമുക്കു ണ്ടാകണം. നാം മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവർ ആകണം. ദൈവദാസന്മാർ ദൈവത്താലുള്ള മാനം ആഗ്രഹിക്കുന്നവർ ആകണം. പൗലൊസിൽ ദൃശ്യ മായിരുന്ന ഈ സൽഗുണങ്ങൾ അനുകരിക്കുവാൻ കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

## പൗലൊസിനു സഭയോടുള്ള സ്നേഹവും കരുതലും (2:7-12)

പൗലൊസ് ഒരു അപ്പൊസ്തലന്റെ പദവിയും അധികാരവും ഉള്ളവ നായിരുന്നെങ്കിലും തെസ്സലൊനീക്യരോട് ഒരു അമ്മയുടെ സ്നേഹവായ്പോടെ പെരുമാറി. അവരോട് ആർദ്രതയോടെ ഇടപ്പെട്ടു. അമ്മ കുഞ്ഞിനെ മറക്കുകയോ ഉപേക്ഷിക്കുകയോ ഇല്ല. അമ്മയുടെ ഏകലക്ഷ്യം കുഞ്ഞിന്റെ വളർച്ചയും ക്ഷേമവുമാണ്. കുഞ്ഞിനുവേണ്ടി മരിക്കുവാനും അമ്മ തയ്യാറാകുന്നു. അപ്പൊസ്തലനുണ്ടായിരുന്ന ഗുണവിശേഷങ്ങൾ ഇവ ആയിരുന്നു. കർത്തൃദാസന്മാർക്കും ഇവ ഉണ്ടായിരിക്കേണ്ടതാണ്. അപ്പോൾ സഭകൾ അനുഗ്രഹിക്ക പ്പെടും.

ഒരു പിതാവിന്റെ ഹൃദയവും പൗലൊസിൽ കാണാവുന്നതാണ്. യഥാർ ത്ഥത്തിൽ പൗലൊസ് അവരുടെ

ആത്മിക പിതാവാണ്. താൻ കൂടാരപ്പണി ചെയ്തു കർത്താവിന്റെ വചനം തെസ്സലൊനീക്യയിൽ ശുശ്രൂഷിച്ചു. അത് അദ്ധ്വാനവും പ്രയാസവുമുള്ള അനുഭവമായിരുന്നു. ദൈവജനത്തോടുള്ള സ്നേഹവും കരുതലും അങ്ങനെ അദ്ധ്വാനിക്കുവാൻ പ്രേരണ നൽകി. മാതാപിതാക്കന്മാർ മക്കൾക്കുവേണ്ടി കരുതുന്നവർ ആകണം എന്നു പൗലൊസ് വിശ്വസിച്ചിരുന്നു (2 കൊരി. 12:14). ദൈവദാസന്മാർ ആവോളം ആർക്കും ഭാരമാകാതിരിക്കുവാൻ സൂക്ഷിക്കണം.

അപ്പൊസ്തലന്റെ ജീവിതം മാതൃകയുള്ളതായിരുന്നു. വിശുദ്ധിയും നീതിയുമുള്ള ജീവിതം ആരെയും ആകർഷിക്കുന്നതാണ്. പരസ്യമായി കുറ്റപ്പെടുത്താൻ കഴിയാത്ത ഒരു ജീവിത മാതൃക തനിക്കുണ്ടായിരുന്നു. അതിന് "നിങ്ങളും ദൈവവും സാക്ഷികൾ" എന്നു പറയുവാൻ പൗലൊസിനു കഴിഞ്ഞു. ഫലകരമായ ശുശ്രൂഷയ്ക്ക് ഇത് ആവശ്യമാകുന്നു.

ദൈവമക്കൾ ദിവ്യവിളി ലഭിച്ചവരാണ്. അതിനനുസരണമായി ജീവിക്കുവാൻ അവരെ പൗലൊസ് പ്രബോധിപ്പിക്കയും, ഉത്സാഹിപ്പിക്കയും ചെയ്തു. തെസ്സലൊനീക്യയിലെ വിശ്വാസികൾ കഷ്ടം അനുഭവിക്കുന്നവരായിരുന്നു. അവർ ആത്മിക ശൈശവാവസ്ഥയിൽ കഴിഞ്ഞിരുന്നു. അവരോടു കർത്താവിന്റെ വിശ്വസ്തതയും കരുതലും സാക്ഷിച്ചു. അവർ കർത്താവിനു യോഗ്യമായി ജീവിക്കുന്നവർ ആകണം എന്നു പൗലൊസ് ആഗ്രഹിച്ചു. സഭകൾ ആത്മിക അഭിവൃദ്ധി പ്രാപിക്കുവാൻ ഇങ്ങനെയുള്ള ശുശ്രൂഷകൾ ആവശ്യമാകുന്നു.

## വചനത്തിന്റെ സ്വാധീനതയും എതിർപ്പും (2:13-16)

സുവിശേഷം ദൈവവചനമാണ്. അതു കേട്ടവർക്കു ദൈവവചനമായി അത് അനുഭവപ്പെട്ടു. അങ്ങനെ വിഗ്രഹങ്ങളെ വിട്ട് സത്യദൈവത്തെ ആരാധിക്കുന്നവരാകുവാൻ കഴിഞ്ഞു. ദൈവവചനം കേട്ടതുകൊണ്ടുമാത്രം പ്രയോജനം ഇല്ല. അതു വിശ്വാസമായി പരിണമിക്കണം. അപ്പോൾ അതു നമ്മിൽ വ്യാപരിച്ചുകൊണ്ടിരിക്കും. ആത്മിക ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കും എന്നു സാരം. വചനത്തിന്റെ ശക്തി നാം അനുഭവിച്ചറിയുന്നവരാണോ? (എബ്രാ. 4:2).

തെസ്സലൊനീക്യർ ദൈവവചനം സ്വീകരിച്ചപ്പോൾ യെഹൂദ്യയിലുള്ള സഭകൾക്ക് അനുകാരികൾ ആയിത്തീർന്നു. അവർ സഹിച്ച കഷ്ടതകളെ ക്കുറിച്ചാണ് ഇവിടെ പറയുന്നത്. യെഹൂദ്യയിലെ വിശ്വാസികൾ സുവിശേഷം നിമിത്തം സ്വന്തജാതികളിൽനിന്നും ഉപദ്രവങ്ങൾ സഹിച്ചു.  തെസ്സലൊനീക്യയിലുള്ളവരും സ്വജാതിക്കാരാൽ പീഡിപ്പിക്കപ്പെട്ടു. ബഹുകഷ്ടം സഹി ക്കേണ്ടിവന്നിട്ടും അവർ വിശ്വാസത്തിൽ നിലനിന്നു. യഥാർത്ഥ ക്രിസ്തീയത്വം അതാണ്. യെഹൂദന്മാർ ക്രിസ്തുവിനെയും പ്രവാചകന്മാരെയും കൊന്നവ രാണ്. സുവിശേഷം പ്രസംഗിക്കുന്നതു വിലക്കുന്നവരാണ്. ഇന്നും അങ്ങനെ യുള്ള മതഭക്തന്മാരുണ്ട്. അവർ ദൈവക്രോധത്തിനു തങ്ങളെ തന്നെ വിധേയ പ്പെടുത്തുന്നവരാണ്. അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ മതിയായ സാഹചര്യങ്ങൾ യെഹൂദന്മാർക്കുണ്ടായിരുന്നു. എന്നാൽ അവർ അതു പ്രയോജനപ്പെടുത്തിയില്ല. സുവിശേഷം കേട്ടു രക്ഷിക്കപ്പെടുന്നതു ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തിയാകുന്നു. പാപികൾ രക്ഷിക്കപ്പെടാതിരിക്കുവാൻ ഇടർച്ച വരുത്തുന്നവർ ദൈവക്രോധത്തിനു യോഗ്യരാകും (മർക്കൊ. 9:42). ഉപദ്രവങ്ങളുടെ മദ്ധ്യത്തിൽ ദൈവജനം ഐക മത്യമുള്ളവരായി കഴിയണം. അപ്പോൾ അവർ നിരാശപ്പെടുകയില്ല.

## പൗലൊസിന്റെ ആഗ്രഹം (2:17-20)

പൗലൊസിനു തെസ്സലൊനീക്യരോടുള്ള അകമഴിഞ്ഞ സ്നേഹം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുന്നവർ ആകണം. ശിഷ്യത്വത്തിന്റെ പ്രത്യക്ഷ ലക്ഷണം സ്നേഹമാണ്. അപ്പോൾ ശരീരംകൊണ്ടു ദൂരസ്ഥരെങ്കിലും ഹൃദയംകൊണ്ടു സമീപസ്ഥരാകുന്ന അനുഭവം ഉണ്ടാകും. സഹോദരന്മാർക്കുവേണ്ടി കരുതുവാനും പ്രാർ ത്ഥിക്കുവാനും അപ്പോൾ മാത്രമേ കഴിയുകയുള്ളൂ. സഹോദരന്മാരെ കാണുവാനുള്ള ആഗ്രഹവും അപ്പോൾ ഉണ്ടാകും. പൗലൊസിന് തെസ്സലൊനീക്യരെ കാണുവാൻ താല്പര്യം ഉണ്ടായിരുന്നു. അവരെ സന്ദർശിക്കുവാൻ ഒന്നുരണ്ടു പ്രാവശ്യം ശ്രമിച്ചു. എന്നാൽ സാത്താൻ അതിനു തടസ്സം സൃഷ്ടിച്ചു. ചിലപ്പോൾ ദൈവവും നമ്മുടെ ആഗ്രഹങ്ങൾ പലതും സാധിപ്പിക്കാൻ അനുവദിക്കുകയില്ല (പ്രവൃ. 16:6,7). അതു വിവേചിച്ചു മനസ്സിലാക്കുവാൻ നമുക്കു കഴിയണം. തെസ്സലൊനീക്യയിൽ പോകുവാൻ തടസ്സം ഉണ്ടായതുമൂലം ഒരു ലേഖനം എഴുതുവാൻ കാരണമായി. അതു നമ്മുടെ ആത്മിക അനുഗ്രഹത്തിനു മുഖാന്തരമായി. തടസ്സങ്ങളെ നന്മയാക്കി തീർക്കുവാൻ ദൈവത്തിനു കഴിയും (റോമർ 8:28).

ദൈവമക്കളുടെ ഭാഗ്യകരമായ പ്രത്യാശയാണ് കർത്താവിന്റെ വരവ്.അന്നു നാം എല്ലാവരും അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും. നമ്മുടെ പ്രവൃത്തികൾ വിലയിരുത്തപ്പെടുന്നതും അന്നായിരിക്കും. തെസ്സലൊനീക്യരെ കാണാതിരിക്കുവാൻ സാത്താൻ തടസ്സം സൃഷ്ടിച്ചു. എന്നാൽ കർത്താവിന്റെ പ്രത്യക്ഷതയിൽ അവരെ കാണാമെന്നുള്ള ആശയിൽ പൗലൊസ് സന്തോഷിക്കുന്നു. അതു മഹാസന്തോഷത്തിന്റെ രംഗം ആയിരിക്കും. ഇന്നു നാം ക്രിസ്തുവിന്റെ സാക്ഷികൾ ആണ്. അതുമൂലം കർത്താവിങ്കലേക്കു വന്നവരെ കാണുന്ന ദിവസം അന്നായിരിക്കും. കൂടാതെ കർത്താവു തന്റെ ദാസന്മാർക്കു പ്രതിഫലം നൽകുന്നതും അപ്പോഴാണ്. പ്രശംസാകിരീടം ആത്മാക്കളെ നേടിയവർക്കുള്ളതാണ്. പല കിരീടങ്ങളെക്കുറിച്ചു പുതിയനിയമത്തിൽ പറഞ്ഞിട്ടുണ്ട് (1 കൊരി. 9:24-27; വെളി. 2:10; 2 തിമൊ. 4:8; 1 പത്രൊ. 5:4). തുടർന്നു പൗലൊസിനു തെസ്സലൊനീക്യയിലുള്ള വിശ്വാസികളോടുള്ള മനോഭാവം വ്യക്തമാക്കിയിരിക്കുന്നു. അവരിൽ പൗലൊസ് അഭിമാനവും സന്തോഷവും കണ്ടെത്തിയിരുന്നു. നാം ആരിൽ

അഭിമാനിക്കുന്നവരാണ്? നമ്മുടെ സന്തോഷം എന്തിലാകുന്നു? കർത്താവിലും അവന്റെ വചനത്തിലും നമുക്കു സന്തോഷം കണ്ടെത്താം. വിശ്വാസികൾ നമ്മുടെ അഭിമാനവിഷയം ആകട്ടെ. അപ്പോൾ കർത്താവു നമ്മിൽ മഹത്വപ്പെടും.

## അദ്ധ്യായം 3

### കഷ്ടതകളിൽ കുലുങ്ങരുത് (3:1-13)

തെസ്സലൊനീക്യ സഭയുടെ ആരംഭവും വളർച്ചയുമാണ് ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ കാണുന്നത്. മൂന്നാം അദ്ധ്യായത്തിൽ കഷ്ടതകളുടെ മദ്ധ്യത്തിൽ വിശ്വാസികൾ എങ്ങനെ സ്ഥിരതയുള്ളവർ ആകണം എന്നു പ്രബോധിപ്പിക്കുന്നു. പൗലൊസ് അഥേനയിൽ തനിച്ചിരിക്കേണ്ടിവന്നാലും കൂട്ടുസഹോദരനായ തിമൊഥെയൊസിനെ തെസ്സലൊനീക്യയിലേക്ക് അയച്ചു. വിശ്വാസികൾ കഷ്ടങ്ങളിൽ കുലുങ്ങിപ്പോകാതിരിക്കുവാൻ അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനാണ് അവനെ അയച്ചത്. അവർക്കു പ്രോത്സാഹനം ആവശ്യമായിരുന്നു. തിമൊഥെയൊസു ദൈവത്തിന്റെ സാക്ഷ്യമുള്ള ശുശ്രൂഷകനായിരുന്നു. ദൈവം ഏല്പിച്ച ജോലി വിശ്വസ്തതയോടെ ചെയ്യുന്നവൻ ആണ് ശുശ്രൂഷകൻ. അവർ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് (1 കൊരി. 3:9). കർത്താവിനായി സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർക്കു മാത്രമേ വിശ്വസ്ത ശുശ്രൂഷകന്മാരാകുവാൻ കഴിയുകയുള്ളൂ.

ക്രിസ്തുവിനുവേണ്ടി തെസ്സലൊനീക്യയിലുള്ള വിശ്വാസികൾ കഷ്ട ങ്ങൾ സഹിക്കേണ്ടി വരും എന്നു പൗലൊസ് ഓർമ്മിപ്പിച്ചിരുന്നു. കഷ്ടം അനുഭവിക്കുവാൻ നാം നിയമിക്കപ്പെട്ടവരാണ്. കഷ്ടതകൾ മൂലം അവർ പരീക്ഷിക്കപ്പെടുകയും വിശ്വാസത്തിൽ കുലുങ്ങിപ്പോകുവാനും ഇടയാകുമെന്ന് അപ്പൊസ്തലൻ ഭയപ്പെടുന്നു. അങ്ങനെ സംഭവിക്കരുതെന്ന് ഓർമ്മിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനുമാണ് തിമൊഥെയൊസിനെ അയച്ചത്. ലോകത്തിൽ നമുക്കു കഷ്ടങ്ങൾ ഉണ്ട് എന്ന സത്യം കർത്താവു ശിഷ്യന്മാരെ ഓർമ്മിപ്പിച്ചിരുന്നു. അനേക കഷ്ടങ്ങളിൽക്കൂടി നാം ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടവരാണ് (പ്രവൃ. 14:22). അത് ഒരു വരമാണ് (ഫിലി. 1:29). രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ കഷ്ടതകൾ ഒന്നും ഉണ്ടാകയില്ലെന്നുള്ള ഉപദേശം സത്യത്തിനു നിരക്കാത്തതാണ്. കഷ്ടതകൾ സന്തോഷത്തോടെ സഹിക്കണ മെന്നു തിമൊഥെയൊസ് വിശ്വാസികളെ ഓർമ്മിപ്പിച്ചു. കഷ്ടതകൾ ദൈവം അനുവദിക്കുന്നതു നമ്മുടെ അനുഗ്രഹത്തിനാണ്. എന്നാൽ ആ കഷ്ടതകളുടെ മദ്ധ്യത്തിൽ പിശാചു നമ്മെ നിരാശരാക്കയും സംശയങ്ങൾ മനസ്സിൽ കൊണ്ടു വരികയും ചെയ്യും. അവന്റെ തന്ത്രങ്ങളെ ഒഴിഞ്ഞിരിക്കുവാൻ കർത്താവിന്റെ അമിതബലത്താൽ നാം ശക്തിപ്പെടണം. അതുകൊണ്ടാണ് പൗലൊസിനു കഷ്ടങ്ങളിൽ പ്രശംസിക്കുവാൻ സാധിച്ചത്.

തിമൊഥെയൊസ് മടങ്ങിവന്നു പൗലൊസിനോടു തെസ്സലൊനീക്യരെക്കുറിച്ച് അനുഭാവപൂർവ്വം പറഞ്ഞു. അവരുടെ വിശ്വാസം, പൗലൊസിനോടും കൂട്ടുസഹോദരന്മാരോടുമുള്ള സ്നേഹം എന്നീ വിഷയങ്ങൾ കേട്ട് അപ്പൊസ്തലൻ ആശ്വസിച്ചു. നാം സഹോദരന്മാരെക്കുറിച്ചു കേൾക്കുന്നതും പറയുന്നതുമായ കാര്യങ്ങൾ ആശ്വാസവും സന്തോഷവും ഉളവാക്കുന്നവ ആയിരിക്കണം. തെസ്സലൊനീക്യരെക്കുറിച്ചുള്ള ഭാരം പൗലൊസിനെ ഉത്സാഹരഹിതനാക്കിയിരുന്നു. എന്നാൽ അവരെക്കുറിച്ചുള്ള സന്തോഷവാർത്ത അറിഞ്ഞപ്പോൾ താൻ കർത്താവിന്റെ വേലയിൽ ശുഷ്കാന്തിയുള്ളവനായിത്തീർന്നു. അവരെ ഓർത്തു സന്തോഷിക്കയും ദൈവത്തിനു സ്തോത്രം അർപ്പിക്കയും ചെയ്തു. തെസ്സലൊനീക്യ വീണ്ടും സന്ദർശിക്കുവാനും വിശ്വാസികളെ കാണുവാനും പൗലൊസ് ആഗ്രഹിച്ചു പ്രാർത്ഥിച്ചു. ദൈവം അതിന് അവസരം ഒരുക്കും എന്നു വിശ്വസിച്ചു കാത്തിരുന്നു. ദൈവം ഒരുക്കുന്ന അവസരങ്ങൾക്കായി കാത്തിരിക്കുന്നതാണ് സ്വന്ത കഴിവുകൾ ഉപയോഗിച്ച് അവസര ങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ ഉത്തമം.

ഈ അദ്ധ്യായത്തിലെ അവസാനത്തെ രണ്ടു വാക്യങ്ങളിൽ തെസ്സലൊനീക്യർ എല്ലാവരോടുമുള്ള സ്നേഹത്തിൽ വർദ്ധിച്ചുവരണം, അതുപോലെ തന്നെ കർത്താവിന്റെ പ്രത്യക്ഷതയിൽ വിശുദ്ധരായി വെളിപ്പെടുവാൻ വിശ്വാസത്തിൽ സ്ഥിരതയുള്ളവർ ആകണം എന്നും പ്രബോധിപ്പിക്കുന്നു. സ്നേഹിക്കുവാൻ മാതൃകയും കല്പനയും നൽകിയതു കർത്താവാണ് (യോഹ. 13:34). ശത്രുക്കളെ സ്നേഹിക്കണം എന്നു ക്രിസ്തു കല്പിച്ചു. ആ സ്നേഹം നൽകി കവിയുമാറാക്കുവാൻ കർത്താവിനു മാത്രമേ സാധിക്കുകയുള്ളൂ. സ്നേഹത്തിന്റെ കുറവാണ് ഇന്നു സഭകളിൽ കാണുന്ന പ്രശ്നങ്ങൾക്കുള്ള മുഖ്യകാരണം. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുമ്പോൾ സാക്ഷ്യമുള്ളവരായിത്തീരും. ആ സ്നേഹം മറ്റുള്ളവരിലേക്കും കവിഞ്ഞൊഴുകണം. നാം ശത്രുക്കളായിരുന്നപ്പോൾ കർത്താവു നമ്മെ സ്നേഹിച്ചു. ആ സ്നേഹത്തെ ലോകത്തിൽ പ്രതിഫലിപ്പിക്കുവാൻ നാം കടപ്പെട്ടവരാകുന്നു. കർത്താവു നമ്മെ സഹായിക്കട്ടെ.

കർത്താവു തന്റെ വിശുദ്ധന്മാരുമായി പ്രത്യക്ഷപ്പെടുമ്പോൾ നാം എങ്ങനെ കാണപ്പെടണം എന്ന് ഇവിടെ പറയുന്നു. ആർക്കും നമ്മെ നിന്ദിക്കുവാൻ സാധിക്കാത്തവിധം വിശുദ്ധിയിൽ തികഞ്ഞവരായി ദൈവമുമ്പാകെ നാം നിൽക്കും. കർത്താവു സാധിപ്പിക്കുന്ന ഒരു കാര്യമാണ് ഇത്. അതിന് അവൻ നമ്മുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുമാറാകട്ടെ എന്ന് അപ്പൊസ്തലൻ ആശംസിക്കുന്നു. ക്രിസ്തുവിന്റെ മരണം നമ്മെ പാപത്തിൽനിന്നും രക്ഷിക്കുവാനായിരുന്നു. നാം വിശുദ്ധരാകണം എന്നു ദൈവം ആഗ്രഹിക്കുന്നു. അതിനു നാം കർത്താവിനു നിയന്ത്രി

ക്കുവാൻ നമ്മുടെ ജീവിതം ഏല്പിച്ചുകൊടുക്കണം. നമ്മെ അനിന്ദ്യരായി ദൈവമുമ്പാകെ നിറുത്തുവാൻ കർത്താവു മതിയായവനാകുന്നു (യൂദാ 24).

കർത്താവു സ്വർഗ്ഗത്തിൽനിന്നും വിശുദ്ധന്മാരോടുകൂടെ പ്രത്യക്ഷപ്പെടും. വിശുദ്ധന്മാർ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. ദൈവം തന്റെ കൃപയാൽ നീതീകരിച്ച് വേർതിരിച്ചു വിളിച്ചവരാണ് അവർ. അവൻ വരുമ്പോൾ നാം അവന്റെ മുമ്പിൽ അനിന്ദ്യരായി വെളിപ്പെടണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. അതിനു നമ്മെ പ്രാപ്തരാക്കുന്നതു കർത്താവാണ്. അവന്റെ വരവിനു കാലം ഇനിയും ഏറെയില്ല. അതുകൊണ്ട് അവന്റെ വേലയിൽ വർദ്ധിച്ചുവരാം. കർത്താവു നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കാം. അത് ഓർമ്മിപ്പിച്ച് അന്യോന്യം ആശ്വസിപ്പിക്കാം. ദൈവമക്കളുടെ ഭാഗ്യകരമായ പ്രത്യാശയാണ് കർത്താവിന്റെ വരവ്. ആ പ്രത്യാശയിൽ വർദ്ധിച്ചുവരുവാൻ കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 4

### ജീവിതവിശുദ്ധിക്കുള്ള പ്രബോധനം (4:1-12)

കർത്താവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യരായി നില്ക്കുവാൻ വിശ്വാസത്തിൽ സ്ഥിരപ്പെടണം എന്നുള്ള പ്രബോധനത്തോടുകൂടെ മൂന്നാം അദ്ധ്യായം അവസാനിക്കുന്നു. കൂടാതെ ദൈവപ്രസാദം ലഭിക്കുവാൻ തക്കവണ്ണം നാം എങ്ങനെ ജീവിക്കണം എന്ന് ഈ അദ്ധ്യായത്തിൽ കാണുന്നു. ജീവിതവിശുദ്ധി, സഹോദരപ്രീതി, കർത്താവിന്റെ വരവിലുള്ള പ്രത്യാശ എന്നീ വിഷയ ങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. അപ്പൊസ്തലൻ അപേക്ഷിച്ചു പ്രബോധിപ്പിക്കുന്ന കാര്യങ്ങളാണ് ഇവ. കല്പിക്കുവാൻ അധികാരമുള്ളവനാണ് പൗലൊസ്. എന്നാൽ സ്നേഹത്തിൽ അത് അപേക്ഷിക്കുന്നു. അപ്പോൾ നമ്മുടെ ഉപദേശവും പ്രബോധനങ്ങളും കൂടുതൽ ഹൃദ്യമാകും. കർത്താവിന്റെ നാമത്തിലാണ് അപേക്ഷിക്കുന്നത്. കർത്താവിന്റെ കല്പന അറിയിക്കുന്ന ശുശ്രൂഷയായിരുന്നു അത്, തന്റെ സ്വന്ത അഭിപ്രായങ്ങൾ ആയിരുന്നില്ല. കർത്താവു വെളിപ്പെടുത്തിയതു പറയുകയും എഴുതുകയും ചെയ്തു. പൗലൊസ് ദൈവകല്പനയാൽ പരിശുദ്ധാത്മനിയോഗം പ്രാപിച്ചു സംസാ രിച്ചു (ഗലാ. 1:10-12). ദൈവകല്പനകളുടെ മുമ്പിൽ മനുഷ്യകല്പനകൾക്കു പ്രസക്തിയില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവന്റെ കല്പനകൾ അനുസരിക്കണം. തെസ്സലൊനീക്യർ അപ്പൊസ്തലന്റെ ഉപദേശം കേട്ടവരും അനുസരിക്കുന്നവരുമായിരുന്നു. അതിൽ വർദ്ധിച്ചുവരണം എന്നു പ്രബോധിപ്പിക്കുന്നു. വീണ്ടും ജനിക്കുമ്പോൾ നാം ദൈവത്തിനു പ്രസാദമുള്ളവർ ആകുന്നു. എന്നാൽ ആത്മികമായി വളരുമ്പോൾ മാത്രമേ ദൈവത്തിനു കൂടു തൽ പ്രയോജനമുള്ളവരാകുവാൻ കഴിയുകയുള്ളൂ. അതു നമ്മുടെ ജീവിതലക്ഷ്യം ആയിരിക്കണം (2 കൊരി. 5:9). അതിനു നമ്മെ മുഴുവനായും സമർപ്പിക്കണം (റോമർ 12:1-3). അതു കർത്താവിന്റെ വരവോളം തുടരേണ്ട അനുഭവമാണ്.

കർത്താവു നമ്മെ രക്ഷിച്ചപ്പോൾ അവനു നമ്മെക്കുറിച്ചു പല ഇഷ്ടങ്ങളും ഉണ്ട്. അതിൽ ഒന്നാണ് നമ്മുടെ ശുദ്ധീകരണം. നാം വിശുദ്ധിയുള്ള ജീവിതം നയിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു. ഒരു കാലത്തു നാം അശുദ്ധിയിൽ ജീവിച്ചവരാണ്. അന്നു കാമവികാരങ്ങൾക്ക് അടിമകൾ ആയിരുന്നു. അതിന്റെ സ്വാധീനത വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് ദൈവമക്കൾ ജീവിക്കുന്നത്. നാം ദുർന്നടപ്പു വിട്ടൊഴിയണം. ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ ആകരുത്. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയം ആകുന്നു (1 കൊരി. 6:19). താന്താന്റെ പാത്രം നമ്മുടെ ശരീരത്തെയാണ് കാണിക്കുന്നത്. ശരീരത്തോടു ബന്ധപ്പെട്ട എല്ലാ ദുർന്നടപ്പും നാം ഉപേക്ഷിക്കണം. അപ്പോൾ മാത്രമേ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയുള്ളൂ.

ദൈവം നമ്മെ ക്രിസ്തുയേശുവിൽ തിരഞ്ഞെടുത്തതു നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനാണ് (എഫെ. 1:3,4). ക്രിസ്തു അതിനായി ക്രൂശിൽ തന്റെ രക്തം ചൊരിഞ്ഞു. പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നതിന്റെ ലക്ഷ്യവും അതാണ് (തീത്തൊ. 3:7). ദൈവവചനം നമ്മെ ശുദ്ധീകരിക്കുവാൻ ശക്തിയുള്ളതാകുന്നു (യോഹ. 17:17). ബാലശിക്ഷയുടെ ഉദ്ദേശവും അതാണ് (എബ്രാ. 12:10). നാം വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. അതുകൊണ്ടു ദൈവത്തിനു കൊള്ളാവുന്ന മാനപാത്രങ്ങളായി ജീവി ക്കുവാൻ നാം കടപ്പെട്ടവരാകുന്നു.

നാം സഹോദരനെ ചതിക്കുന്നവർ ആകരുത് (4:6). ദുർന്നടപ്പിനോടുള്ള ബന്ധത്തിലാണ് ഇത് പറയുന്നത്. സഹോദരന്റെ ഭാര്യയെ മോഹിക്കരുത് എന്നു സാരം. ജാതികൾ ഈ വക കാര്യങ്ങൾ ലാഘവബുദ്ധിയോടെ വീക്ഷിച്ചിരുന്നു. ദൈവമക്കൾ അശുദ്ധിക്കല്ല വിശുദ്ധജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടവരാണ്. അതുകൊണ്ടു ദൈവകല്പനകളെ തുച്ഛീകരിക്കരുത്. അതിനെ അവഗണിക്കരുത്. അങ്ങനെയുള്ളവർ ദൈവത്തെ അവഗണിക്കുന്നു. അവരുടെമേൽ ദൈവത്തിന്റെ ന്യായവിധി ഉണ്ടാകും. ആകയാൽ ഭയത്തോടെ വിശുദ്ധജീവിതം നയിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാകുന്നു. കർത്താവു നമ്മെ അതിനു സഹായിക്കട്ടെ.

തെസ്സലൊനീക്യർ സഹോദരപ്രീതിയിൽ അധികമായി വർദ്ധിച്ചുവരണം എന്ന് അപേക്ഷിക്കുന്നു (4:10). അവർ അന്യോന്യം സ്നേഹിക്കുവാൻ ഉപദേശം ലഭിച്ചവരും അത് അനുസരിക്കുന്നവരുമായിരുന്നു. എന്നാൽ അതിൽ അധികമായി വർദ്ധിച്ചുവരണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. സഹോദരപ്രീതി കുടുംബബന്ധത്തെ കാണിക്കുന്നു. ഇത് ഒരു പിതാവിന്റെ മക്കൾ തമ്മിലുള്ള സ്നേഹമാണ്. അവർ അന്യോന്യം പ്രീതിപ്പെടുത്തുന്നവർ ആയി

രിക്കും. അതാണ് യഥാർത്ഥത്തിൽ ക്രിസ്തീയ ജീവിതം. തെസ്സലൊനീക്യ സഭ സഹോദരപ്രീതി പുലർത്തിയിരുന്നു. എന്നാൽ അതിൽ അധിക മായി വർദ്ധിച്ചുവരണം എന്ന് അപേക്ഷിക്കുന്നു. ആ സ്നേഹബന്ധത്തിനു പരിധികൾ കല്പിക്കാതെ എല്ലാവരേയും സ്നേഹിക്കുന്നവർ ആകണം എന്നു സാരം. ദൈവമക്കൾ അന്യോന്യം പകയ്ക്കുകയും വിദ്വേഷമനോഭാവമുള്ളവരാകയും ചെയ്യരുത്. അതു കാണുന്ന ലോകം സുവിശേഷം അംഗീകരിക്കുകയില്ല. നാം തമ്മിൽ തമ്മിൽ സ്നേഹിക്കുമ്പോൾ ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും. എല്ലാ ദൈവമക്കളെയും സ്നേഹിക്കുവാൻ നമുക്കു കഴിയണം. അപ്പോൾ ദൈവം നമ്മിൽ പ്രസാദിക്കും.

അപ്പൊസ്തലൻ തെസ്സലൊനീക്യയിലുള്ള വിശ്വാസികളോടു പറഞ്ഞിരുന്ന മൂന്നു കാര്യങ്ങൾക്കൂടി ഇവിടെ വീണ്ടും അവരെ ഓർമ്മിപ്പിക്കുന്നു. ഒന്ന്, അടങ്ങിപ്പാർക്കണം. രണ്ട്, സ്വന്തകാര്യം നോക്കണം. മൂന്ന്, സ്വന്തകൈകൊണ്ടു വേലചെയ്യണം. ഈ കാര്യങ്ങളിൽ അവർ അഭിമാനം കൊള്ളുന്നവർ ആകണം. തെസ്സലൊനീക്യയിലെ ചിലർ യാതൊരു ജോലിയും ചെയ്യാതെ പരകാര്യം നോക്കി അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരായി. അവർ ക്രിസ്തുവിന്റെ വരവ് ഉടൻ സംഭവിക്കും എന്നു കരുതിയിരിക്കണം. അതുകൊണ്ടു വേലചെയ്യുവാൻ മടിയുള്ളവരായി. തൽഫലമായി പലരും സാമ്പത്തിക ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. അവരുടെ പെരുമാറ്റം പലർക്കും ബുദ്ധിമുട്ട് ഉളവാക്കി. ജീവിതം അസ്വസ്ഥമായി പലർക്കും അനുഭവപ്പെട്ടു. ക്രിസ്തീയ ജീവിതം സ്വസ്ഥതയുടെയും സമാധാനത്തിന്റെയും ജീവിതമാണ്. നാം പരകാര്യം നോക്കുന്നതിൽ അഭിമാനിക്കരുത്. മറ്റുള്ളവരുടെ ദോഷം കണ്ടുപിടിച്ചു പ്രചരിപ്പിക്കുന്നവർ ആകരുത്. നമ്മെ കർത്താവ് ഏല്പിച്ച കാര്യങ്ങളിൽ വിശ്വസ്തരായി ജീവിക്കണം. സ്വന്തകൈകൊണ്ടു വേലചെയ്യണം. മറ്റുള്ളവർക്കു ഭാരമാകുവാൻ ആഗ്രഹിക്കരുത്. അതിന്റെ മാതൃക പൗലൊസിൽ നാം കാണുന്നു (2:9). അദ്ധ്വാനിക്കുവാൻ ആഗ്രഹമുള്ളവർക്കു മുട്ടുണ്ടാകയില്ല. കർത്താവു നമ്മെ പോറ്റിപ്പുലർത്തുവാൻ മതിയായവനാണ്. നമുക്കു ജോലിചെയ്യുവാൻ ആരോഗ്യവും കഴിവും സാഹചര്യവും ഉണ്ടാക്കിത്തരുവാൻ അവനു ശക്തിയുണ്ട്.

ദൈവമക്കൾ പുറത്തുള്ളവരോടു മര്യാദയായി പെരുമാറണം. നമ്മുടെ ജീവിതം അവിശ്വാസികൾക്കു ബഹുമാനം ഉളവാക്കുന്നതായിരിക്കണം. അവരോടു മര്യാദയായി പെരുമാറണം. സത്യസന്ധത പുലർത്തണം. അങ്ങനെ അവർ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെടണം. നമ്മുടെ ജീവിതത്തിൽ വന്നിട്ടുള്ള കുറവുകളെ കണ്ടു നമുക്ക് ഉണരാം. കർത്താവിന് അഭിമാനം വരുത്തുന്ന ഒരു ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## കർത്താവിന്റെ വരവിലുള്ള പ്രത്യാശയും ആശ്വാസവും (4:13-18)

തെസ്സലൊനീക്യയിലുള്ള വിശ്വാസികൾ തങ്ങളുടെ മരിച്ചുപോയ വിശുദ്ധന്മാരെക്കുറിച്ചു വേണ്ടത്ര പരിജ്ഞാനം ഉള്ളവരായിരുന്നില്ല. അതു പരിഹരിക്കുവാനും അവരെക്കുറിച്ചു ദുഃഖിക്കാതിരിക്കുവാനുമാണ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്. പ്രത്യാശയില്ലാത്തവർ അവരുടെ മരിച്ചവരെ ഓർത്തു ദുഃഖിക്കയും അലമുറയിടുകയും ചെയ്യുന്നു. ദൈവമക്കളും അവരുടെ പ്രിയപ്പെട്ടവർ മരിക്കുമ്പോൾ സ്വാഭാവികമായി ദുഃഖിക്കും. എന്നാൽ പ്രത്യാശ ഇല്ലാത്തവരെപ്പോലെ ദുഃഖിക്കുവാൻ ഇടയാകരുത്. മരണത്തോടെ അവർ എന്നേക്കുമായി വേർപെടുന്നു എന്ന് അവർ വിശ്വസിക്കുന്നു. ദൈവമക്കൾക്കു മരണ ശേഷവും നിലനിൽക്കുന്ന പ്രത്യാശയുണ്ട്. അവർക്കു മരണം ഒരു നിദ്രമാത്രമാണ്. കർത്താവിൽ മരിക്കുന്നവരാണ് അവർ. മരിക്കുമ്പോൾ അവരുടെ ആത്മാവു കർത്താവിന്റെ സന്നിധിയിൽ പ്രവേശിക്കുന്നു. “ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും” എന്നു ക്രിസ്തു അനുതപിച്ച കള്ളനോടു പറഞ്ഞു. പൗലൊസിന് ആ ഉറപ്പുണ്ടായിരുന്നു (ഫിലി. 1:23). തെസ്സലൊനീക്യയിലെ വിശ്വാസികൾക്ക് ഈ അറിവ് ഉണ്ടാകുവാനും അന്യോന്യം ആശ്വസിപ്പിക്കാനും ഇടയാകണം എന്നു പൗലൊസ് ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരാണ് വിശ്വാസികൾ. ക്രിസ്തുവിന്റെ പുനരുത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയും ആണിക്കല്ലും ആണ് (1 കൊരി. 15:17-19). ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു സത്യമായിരിക്കുന്നതുപോലെ ക്രിസ്തുവിൽ നിദ്രപ്രാപിക്കുന്നവരുടെ പുനരുത്ഥാനവും സത്യമാകുന്നു. കർത്താവു വരുമ്പോൾ കർത്താവിൽ മരിച്ചവരും അവനോടുകൂടെ വരും. പുനരുത്ഥാനം അതിനു ശേഷമാണ് സംഭവിക്കുന്നത്. പുനരുത്ഥാനത്തിന്റെ നിരയെക്കുറിച്ചും അപ്പൊസ്തലൻ രേഖപ്പെടുത്തിയിട്ടുണ്ട്. “ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിൽ; പിന്നെ അവസാനം” (1 കൊരി. 15:23). പുനരുത്ഥാനം പ്രാപിക്കും എന്നതിന്റെ അർത്ഥം പുനരുത്ഥാന ശരീരം ലഭിക്കും എന്നാണ്. ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാർ നിദ്രകൊണ്ടവർക്കു മുമ്പു തേജസ്കരിക്കപ്പെടുകയില്ല. നാം കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നവരാണ് (ഫിലി. 3:20,21). അവൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരുന്നതിന് ഒരു സമയം ദൈവം നിശ്ചയിച്ചിട്ടുണ്ട്. അവന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശയാണ് നമ്മുടെ ആശ്വാസം.

കർത്താവു വരുന്നതു ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെയായിരിക്കും. അപ്പോൾ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും, ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെടും, എല്ലാവരും ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘ ങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (4:16,17). ഗംഭീര നാദം ദൈവത്തിന്റെ നീതിയേയും ന്യായവിധിയേയും വിളിച്ചറിയിക്കുന്നു. സീനായിപർവ്വതത്തിൽ അതു മുഴങ്ങിയിരുന്നു. അതു കേട്ടു മോശെയും യിസ്രായേലും പേടിച്ചുപോയി. കർത്താവിനെ എതിരേൽക്കുവാനും അവനോടുകൂടെ യുദ്ധത്തിനു പുറപ്പെടുവാനുമുള്ള ധ്വനിയാണ് ഇത്. അതു കേട്ടു സഭ അവനെ എതിരേൽപ്പാൻ പുറപ്പെടും. രാജാവായി വരുന്ന കർത്താവിന്റെ യുദ്ധപ്രഖ്യാപ

നവും കൂടിയാണ് ഗംഭീര നാദം.

പ്രധാന ദൂതന്റെ ശബ്ദം വിശുദ്ധന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെ നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കുവാനുള്ളതാണ്. കർത്താവിന്റെ വീണ്ടും വരവിൽ സകല ദൂതന്മാരും അവനെ അകമ്പടി സേവിക്കും എന്നു കാണുന്നു (എബ്രാ. 1:6). അതിന് അവരെ ആഹ്വാനം ചെയ്യുന്ന ശബ്ദംകൂടിയായിരിക്കും ഇത്.

കർത്താവു വരുന്നതു ദൈവത്തിന്റെ കാഹളത്തോടുകൂടെ ആയിരിക്കും. കാഹളം ധ്വനിക്കുമ്പോൾ രണ്ടു കാര്യങ്ങൾ സംഭവിക്കും. ഒന്ന്, മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. രണ്ട്, ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടും. കർത്താവിന്റെ വീണ്ടും വരവിലാണ് ഇവ സംഭവിക്കുന്നത്. 'മരിച്ചവരേ, തിരികെ വരുവിൻ' എന്ന് അരുളിച്ചെയ്യുന്ന ശബ്ദമാണ് അത്. ചീഞ്ഞുനാറിയ ലാസറിനെ ഉയിർപ്പിച്ച ശബ്ദം അന്നു പിന്നെയും മുഴങ്ങും. കാഹളനാദത്തി ങ്കൽ മരിച്ചുപോയ സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേറ്റു തേജസ്സുള്ള ശരീരം പ്രാപിക്കും. ജീവിക്കുന്ന വിശ്വാസികൾ രൂപാന്തരം പ്രാപിച്ചു ക്രിസ്തുവിനോട് അനുരൂപരാകും. ഇതാണ് ദൈവമക്കളുടെ ഭാഗ്യകരമായ പ്രത്യാശ. ഈ വചനങ്ങളെക്കൊണ്ട് നാം അന്യോന്യം ആശ്വസിപ്പിക്കുന്നവർ ആകണം. മരണത്തെക്കുറിച്ചു നമുക്കു ഭയപ്പെടേണ്ട ആവശ്യം ഇല്ല. വീണ്ടും വരുന്ന കർത്താവിലുള്ള പ്രത്യാശ ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും പ്രത്യാശ ആകുന്നു. വിശുദ്ധിയും ഭക്തിയും ഉള്ളവരായി അവന്റെ വരവിനെ നമുക്കു ബദ്ധപ്പെടുത്താം. കർത്താവു നമ്മെ സഹായിക്കുമാറാകട്ടെ.

**അദ്ധ്യായം 5**

## ക്രിസ്തുവിന്റെ വരവു സമീപം (5:1-11)

കർത്താവിന്റെ വരവു വിശ്വാസികൾക്കു ഭാഗ്യകരമായ പ്രത്യാശയാണ്. അതുകൊണ്ടു നാം കാലങ്ങളും സമയങ്ങളും തിരിച്ചറിയുന്നവർ ആകണം. അതിനു ദൈവം ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. ദൈവവചനം അന്ത്യകാലലക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (2 തിമൊ. 3:1-5). കർത്താവിന്റെ വരവു നോഹയുടെ കാലംപോലെയുള്ള സമയത്തായിരിക്കും സംഭവിക്കുന്നത് (ലൂക്കൊ. 17:22-37). കാലങ്ങളെ വിവേചിക്കുവാൻ ദൈവവചനം പഠിക്കണം. ലോകസംഭവങ്ങൾ നാം അന്ത്യകാലത്താണ് ജീവിക്കുന്നതെന്നു വിളിച്ചറിയിക്കുന്നു. എന്നാൽ കർത്താവു വരുന്ന നാളും നാഴികയും പിതാവു മാത്രം അറിയുന്നു (മർക്കൊ. 13:32). കർത്താവിന്റെ വരവിന്റെ തിയ്യതിയും മണിക്കൂറും നിശ്ചയിക്കുന്നതു തെറ്റാകുന്നു. അതു പിതാവു മാത്രം അറിയുന്നു.

അവന്റെ വരവു കള്ളൻ രാത്രിയിൽ വരുമ്പോലെയാകുന്നു. അവൻ നിനയ്ക്കാത്ത നാഴികയിൽ വരും (മത്താ. 24:44). അവന്റെ വരവിന്റെ നാഴിക അപ്രതീക്ഷിതവും പെട്ടെന്നും ആയിരിക്കും. കർത്താവിന്റെ നാളും യഹോവയുടെ നാളും ഉണ്ട്. കർത്താവിന്റെ നാൾ ദൈവജനത്തിന് ആശ്വാസം നൽകുന്നതാണ്. യഹോവയുടെ നാൾ ദൈവം ലോകത്തിന്റെ മേൽ ന്യായവിധി ചൊരിയുന്ന ദിവസമാണ്. അതു ചൂളപോലെ കത്തുന്ന യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം ആയിരിക്കും. കർത്താവിന്റെ നാൾ ലോകത്തിനു ന്യായവിധിയുടെ നാളും ദൈവജനത്തിന് ആശ്വാസത്തിന്റെ നാളും ആയിരിക്കും.

മൂന്നാം വാക്യത്തിൽ കർത്താവിന്റെ വരവ് അവിശ്വാസികളെ എങ്ങനെ ബാധിക്കും എന്നു ചൂണ്ടിക്കാണിക്കുന്നു. അതു പെട്ടെന്നുള്ള അവരുടെ നാശത്തിനു കാരണമാകും. ആർക്കും തെറ്റിയൊഴിയാവതുമല്ല. അവർ സമാധാനം എന്നും നിർഭയം എന്നും പറയുമ്പോഴായിരിക്കും നാശം സംഭവിക്കുന്നത്. മനുഷ്യൻ ഇതു രണ്ടും ആഗ്രഹിക്കുന്നവനാണ്. സമാധാനം ഹൃദയസമാധാനത്തെയും നിർഭയം ബാഹ്യമായ സുരക്ഷിതത്തെയും കാണിക്കുന്നു. സമ്മേളനങ്ങളിൽക്കൂടെയും കരാറുകളിൽക്കൂടെയും സമാധാനം കൈവരിക്കുവാൻ മനുഷ്യർ വ്യാമോഹിക്കുന്നു. എന്നാൽ പാപവും അതിക്രമവും ലോകത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലോകസംഭവങ്ങളെ ഗർഭിണിയുടെ പ്രസവവേദനയോട് ഇവിടെ ഉപമിച്ചിരിക്കുന്നു. പ്രസവിക്കും എന്നതിന്റെ മുന്നറിയിപ്പാണ് പ്രസവവേദന. കള്ളക്രിസ്തുക്കൾ വന്നു പലരേയും തെറ്റിക്കും. യുദ്ധങ്ങളും യുദ്ധശ്രുതികളും കേൾക്കും. ഇതൊക്കെ പ്രസവവേദനയുടെ ആരംഭമാണ്. അവസാനത്തിന്റെ ആരംഭമാണ് ഈറ്റുനോവ്. പ്രസവവേദന പെട്ടെന്നുള്ള നാശമാണെങ്കിൽ അതിന്റെ പിന്നാലെ ഉണ്ടാകുന്നതാണ് വിശുദ്ധന്മാരുടെ പുനരുത്ഥാനം. ഇതെല്ലാം കർത്താവിന്റെ കാഹളധ്വനിയിൽ സംഭവിക്കും.

ദൈവമക്കൾ വെളിച്ചത്തിന്റെ മക്കളാണ്. ക്രിസ്തു ലോകത്തിന്റെ വെളിച്ചം ആകുന്നു. അവനെ അനുഗമിക്കുന്നവർ ഇരുട്ടിൽ നടക്കാതെ വെളിച്ചത്തിൽ നടക്കുന്നു (യോഹ. 8:12). രക്ഷിക്കപ്പെടാത്തവർ ഇരുട്ടിൽ വസി ക്കുന്നു. അവരുടെമേൽ ന്യായവിധി വന്നുകഴിഞ്ഞിരിക്കുന്നു. ആ ന്യായവിധി അവർ വെളിച്ചമായ ക്രിസ്തുവിനെ അംഗീകരിക്കാതെ ഇരുളിനെ സ്നേഹിക്കുന്നതാണ് (യോഹ. 3:19,20). കർത്താവിന്റെ വരവിനായി പകലിന്റെ മക്കളായ വിശ്വാസികൾ കാത്തിരിക്കുന്നു. ഇരുട്ടിന്റെ മക്കൾക്ക് അതു ഭോഷത്തവും പരിഹാസവിഷയവുമാണ്. വിശ്വാസികൾ കർത്താവിന്റെ വരവിനായി ഉണർ ന്നിരിക്കണം. യജമാനൻ വേഗം വരുന്നു. ഉണർന്നിരിക്കുന്നവരോടുകൂടെ അവൻ സന്തോഷിക്കും. അവൻ അവരെ ശുശ്രൂഷിക്കും (ലൂക്കൊ. 12:37). സുബോധമുള്ളവരായും ഇരിക്കണം. മയക്കത്തിൽ കഴിയാതെ ചുറ്റും സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചു ബോധവാന്മാരായിരിക്കണം എന്നു സാരം. വിളക്കിൽ എണ്ണയില്ലാത്ത കന്യകമാരെപ്പോലെ ആകരുത്. നമ്മുടെ പ്രവൃത്തികൾ നാം സുബോധമുള്ളവരാണോ എന്നു

തെളിയിക്കും. നാം ശേഷമുള്ളവരെപ്പോലെ ആകരുത്. എല്ലാവരും ഉറങ്ങുന്നതു കണ്ടു നാമും ഉറങ്ങരുത്. മുടിയനായ പുത്രൻ എല്ലാവരേയുംപോലെ ജീവിക്കുവാൻ തുടങ്ങി. എന്നാൽ അവനു സുബോധം വന്നു. അപ്പോൾ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിവന്നു. നമുക്കും ഉണരാം. സുബോധമുള്ളവരാകാം. മടങ്ങിവരാം. രാത്രി കഴിവാറായി. പ്രഭാതം സമാഗതമായിരിക്കുന്നു. നമുക്കു നമ്മുടെ പ്രാണനാഥനെ എതിരേൽക്കാം.

വിശ്വാസം, സ്നേഹം, രക്ഷ എന്നീ സ്വരക്ഷയ്ക്കുള്ള ആയുധങ്ങൾ ധരിച്ചു നാം സുബോധമുള്ളവരായി കർത്താവിന്റെ വരവിനായി കാത്തിരിക്കണം. വിശ്വാസവും സ്നേഹവും ഹൃദയത്തെ സംരക്ഷിക്കുവാൻ ആവശ്യമാണ്. കർത്താവിൽ വിശ്വസിക്കണം. ആ വിശ്വാസം അഥവാ വ്യക്തിപരമായ അറിവ് കർത്താവിനേയും സഹവിശ്വാസികളേയും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കും. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ചിന്തയാൽ ഹൃദയം നിറയുമ്പോൾ പ്രലോഭനങ്ങളുടെ മുമ്പിൽ പതറിപ്പോകുവാൻ ഇടവരില്ല. രക്ഷയുടെ പ്രത്യാശയാൽ നാം നിറയപ്പെട്ടവരാകണം. രക്ഷാപൂർത്തി പ്രാപിക്കുമെന്ന ഉറപ്പാണ് ഇത്. നാം രക്ഷിക്കപ്പെട്ടപ്പോൾ പാപത്തിന്റെ ശിക്ഷയിൽ നിന്നും വിമോചിതരായി. ഇപ്പോൾ അതിന്റെ ശക്തിയിൽനിന്നും നാം സ്വതന്ത്ര രായിക്കൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവിങ്കൽ നാം പാപത്തിന്റെ സാന്നിദ്ധ്യ ത്തിൽനിന്നും വിമോചിതർ ആകും. അന്നു നാം തേജസ്ക്കരിക്കപ്പെട്ട ശരീരം പ്രാപിച്ച് ക്രിസ്തുവിനോടു സമന്മാർ ആകും. അതാണ് രക്ഷാപൂർത്തികൊണ്ടുള്ള ആശയം. പ്രിയ സ്നേഹിതാ, താങ്കൾ ഈ പ്രത്യാശയിൽ ആശ്വാസം അനുഭവിക്കുന്നവനാണോ? കർത്താവു നമ്മെ സഹായിക്കട്ടെ.

ദൈവമക്കൾ കോപത്തിനു നിയമിച്ചിട്ടുള്ളവരല്ല. രക്ഷിക്കപ്പെട്ടവർ ദൈവകോപത്തിൽനിന്നും വിമോചിതരാണ്. ക്രിസ്തു നമുക്കുവേണ്ടി ക്രൂശിൽ പാപത്തിന്റെ ശിക്ഷ സഹിച്ചു. അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർ ക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1). ക്രിസ്തുവിന്റെ രണ്ടാം വരവിൽ പ്രത്യാശയുള്ളവർ അന്യോന്യം പ്രബോധിപ്പിച്ചും ആത്മിക വർദ്ധനവു വരു ത്തിയും ജീവിക്കേണ്ടവരാകുന്നു. പ്രബോധിപ്പിക്കുന്നവർ കൂടെയിരുന്ന് ആശ്വാസവും ധൈര്യവും പകരുന്നവർ ആയിരിക്കണം. നിരാശപ്പെടുവാനും ധൈര്യഹീനരാകുവാനും സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ ധൈര്യവും ആശ്വാസവും ആലോചനയും നൽകി ഉത്സാഹിപ്പിക്കുന്ന ശുശ്രൂഷ എത്ര ശ്രേഷ്ഠമാകുന്നു. നാം അന്യോന്യം ആത്മിക വളർച്ച ഉളവാക്കുന്നവർ ആകണം. നാം ദൈവസഭയുടെ അംഗങ്ങൾ ആണ്. അതുകൊണ്ട് അന്യോന്യം പ്രബോധിപ്പിച്ചും, ആശ്വസിപ്പിച്ചും, ധൈര്യപ്പെടുത്തിയും ആത്മിക വർദ്ധനവ് ഉള്ളവരാകാം.

## സഭാഭരണവും ഉത്തരവാദിത്വങ്ങളും (5:12-22)

'സഹോദരന്മാരേ' എന്നുള്ള സംബോധനയോടെ ഈ ഭാഗം ആരംഭിക്കുന്നു. പൗലൊസിനു തെസ്സലൊനീക്യയിലുള്ള വിശ്വാസികളോടുള്ള ഹൃദ്യ മായ സ്നേഹബന്ധം അതു വ്യക്തമാക്കുന്നു. സഭയ്ക്കുള്ള പൊതുനിർദ്ദേശങ്ങളാണ് ഇവിടെ കാണുന്നത്. കർത്തൃദാസന്മാരോട് ഉണ്ടായിരിക്കേണ്ട ബന്ധവും മനോഭാവവും ഉത്തരവാദിത്വങ്ങളും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അവരെ അറിഞ്ഞ്, സ്നേഹിച്ച്, സമാധാനം ആചരിക്കണം. അവർ സഭയിൽ അദ്ധ്വാനിക്കുകയും ഭരിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്ന വരാണ്. ഇതു മൂന്നും സഭയുടെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാത്തതാകുന്നു. സഭയിലെ മൂപ്പന്മാരുടെ ശുശ്രൂഷയാണ് ഈ വാക്യങ്ങളിൽ പരാമർശിക്കുന്നത്.

അവർ സഭയിൽ വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരാണ്. അതിനു വളരെ സമയവും ക്ഷമയും അദ്ധ്വാനവും ആവശ്യം ഉണ്ട്. ഇത് ആത്മികമായ അദ്ധ്വാനമാണ്. അതിനെ പ്രസവവേദനയോടു പൗലൊസു തുലനംചെയ്തിരിക്കുന്നു (ഗലാ. 4:19). അവരെ അദ്ധ്വാനംകൊണ്ടു തിരിച്ചറിയണം. ഇന്നു സഭകളിൽ അങ്ങനെയുള്ളവർ ഉണ്ടാകുവാൻ നമുക്കു പ്രാർത്ഥിക്കാം.

മൂപ്പന്മാർ സഭയെ ഭരിക്കുന്നവരാണ്. വളരെ തെറ്റിദ്ധാരണയ്ക്ക് ഇതു വിഷയീഭവിച്ചിട്ടുണ്ട്. അവർ അധികാരം നടത്തുന്നവർ അല്ല (1 പത്രൊ. 5:2,3). ഒരു കുടുംബത്തെ ഭരിക്കുന്നതുപോലെ സഭയെ പരിപാലിക്കുന്നവരാണ്. കുടുംബപരിപാലനം അതിന് അവരെ സഹായിക്കുമെന്നുള്ളതിനു സംശയമില്ല. അവർ ആട്ടിൻകൂട്ടത്തെ മേയിക്കുന്നതുപോലെ സഭയെ നടത്തുന്ന ഇടയ ന്മാർ ആകുന്നു. തക്ക സമയത്ത് ആഹാരം കൊടുക്കുകയും ചെന്നായ്ക്കളിൽനിന്നു സൂക്ഷിക്കുകയും ചെയ്യുവാൻ ഉത്തരവാദപ്പെട്ടവരാണ്. സ്നേഹത്താൽ പരിപാലിക്കുന്ന അദ്ധ്യക്ഷന്മാരാകുന്നു അവർ.

അവർ ദൈവജനത്തെ പ്രബോധിപ്പിക്കുവാൻ ഉത്തരവാദിത്വം ഉള്ളവരാണ്. ദൈവവചനത്താലുള്ള ബുദ്ധിയുപദേശമാണ് പ്രബോധനം. കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നു (എബ്രാ. 12:6). സഭയിൽ പ്രശ്നം ഉണ്ടാക്കുന്നവരെ ബുദ്ധിയുപദേശിക്കു ന്നതും ശിക്ഷണം നടത്തുന്നതും ദൈവവചനത്താലും കർത്താവിലും ആയിരിക്കണം. സഭാംഗങ്ങൾ മൂപ്പന്മാരെ അറിഞ്ഞ് അവരോടു സ്നേഹത്തിലും ഐക്യതയിലും ബഹുമാനത്തിലും പെരുമാറണം. അപ്പോൾ സഭകൾ അനുഗ്രഹിക്കപ്പെടും.

ഇതുവരേയും മൂപ്പന്മാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു നാം പഠിച്ചു. ഇനി സഭയിൽ വിശ്വാസികൾക്കു മൊത്തത്തിലുള്ള പ്രബോധനമാണ് കാണുന്നത്. വിശ്വാസികൾ ക്രമംകെട്ടവരെ ബുദ്ധിയുപദേശിക്കണം. ദൈവവചനമാണ് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തേണ്ടത്. അതിനു വിരുദ്ധമായി ജീവിക്കുന്നവരാണ് ക്രമംകെട്ടവർ. അവർക്കു ബുദ്ധിയുപദേശം നൽകി സത്യപാതയിലേക്കു നയിക്കണം. അതിനു മനസ്സില്ലാത്തവരോടു അകന്നുകൊള്ളണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു (2 തെസ്സ. 3:6).

വിശ്വാസികൾ ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തണം. സഭയിൽ പക്വത വന്നവരും അല്ലാത്തവരുമായ വിശ്വാസികൾ ഉണ്ടായിരിക്കും. ഉൾക്കരുത്തില്ലാത്തവർ വചനപരിജ്ഞാനം കുറഞ്ഞവരും സംശയിക്കുന്നവരുമാണ്. അവർക്കു ദൈവവാഗ്ദത്തങ്ങൾ വിശദീകരിച്ചുകൊടുത്തു വിശ്വാസത്തിൽ ഉറപ്പിക്കുവാൻ പക്വത വന്നവർ ശ്രമിക്കണം (റോമർ 14:1). അവരെ കർത്താവിൽ ധൈര്യപ്പെടുത്തുന്ന ശുശ്രൂഷ എത്ര ശ്രേഷ്ഠമാകുന്നു!

നാം ബലഹീനരെ താങ്ങുന്നവർ ആയിരിക്കണം. ആത്മിക ബലഹീനതയാണ് ഇവിടെ പറയുന്നത്. അവർ വിവിധ ഉപദേശങ്ങളാൽ അലഞ്ഞുഴലുന്നവരാണ്. അവരെ താങ്ങിനടത്തുവാൻ നാം ഉത്സാഹിക്കണം. അവരെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്കു കഴിയണം.

ദൈവമക്കൾ എല്ലാവരോടും ദീർഘക്ഷമ ഉള്ളവരാകണം. അതു ദൈവത്തിന്റെ സ്വഭാവം ആണ്. ഫലം ഉണ്ടാകുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുന്നതാണ് ദീർഘക്ഷമ. മറ്റുള്ളവർക്കു ബുദ്ധിയുപദേശിക്കുമ്പോൾ ഇതിന്റെ ആവശ്യം വളരെ ഉണ്ട്. നാം അന്യോന്യം ദീർഘക്ഷമ ഉള്ളവരാകുമെങ്കിൽ പല പ്രശ്നങ്ങളും ഒഴിവാക്കുവാൻ കഴിയും. എല്ലാവരോടും പാലിക്കേണ്ട ഒന്നാകുന്നു ഇത്. അവിശ്വാസികൾ ഇതു കണ്ടു കർത്താവിങ്കലേക്ക് ആകർഷിക്കപ്പെടും.

ആരും തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്. എല്ലായ്പ്പോഴും നന്മചെയ്യുക. അവിശ്വാസികളും വിശ്വാസികളും തമ്മിലുള്ള വ്യത്യാസം ഇവിടെ കാണാം. അവിശ്വാസികൾ പകരത്തിനു പകരം ചെയ്യുന്നവരാണ്. ക്രിസ്തുവിന്റെ ജീവിതവും പഠിപ്പിക്കലും അതിനു നേരെ എതിരായിരുന്നു. അവൻ ശത്രുക്കളെ സ്നേഹിച്ചു. അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ആ മാതൃക പിൻചെല്ലുവാൻ തന്റെ ശിഷ്യന്മാരോടു കല്പിച്ചു. നന്മയാൽ തിന്മയെ ജയിക്കുന്ന ജീവിതമാണ് ക്രിസ്തീയ ജീവിതം. കർത്താവു നമ്മെ സഹായിക്കട്ടെ.

ക്രിസ്തീയ ജീവിതത്തിൽ പ്രതിഫലിച്ചുകാണേണ്ട മൂന്നു കാര്യങ്ങൾ 5:16,17,18 വാക്യങ്ങളിൽ കാണുന്നു. ദൈവമക്കളെക്കുറിച്ചു പിതാവിന്റെ ഇഷ്ടം അതാണ്. അതിനായിട്ടു നമ്മെ ക്രിസ്തുയേശുവിൽ തിരഞ്ഞെടുത്തിരിക്കുന്നു. പരിശുദ്ധാത്മാവ് അതിനായി നമ്മെ ആഹ്വാനം ചെയ്യുന്നു. നാം എപ്പോഴും സന്തോഷിക്കണം, ഇടവിടാതെ പ്രാർത്ഥിക്കണം, എല്ലാറ്റിനും സ്തോത്രം ചെയ്യണം.

ക്രിസ്തീയ ജീവിതം സന്തോഷത്തിന്റെ ജീവിതമാണ്. ക്രിസ്തുവിനോടുള്ള ബന്ധം നമ്മെ സന്തോഷം ഉള്ളവരാക്കണം. അവൻ മുഖാന്തരം പാപക്ഷമയും നീതീകരണവും ദൈവത്തോടു നിരപ്പും നമുക്കു ലഭിച്ചിരിക്കുന്നു. അവൻ സർവ്വവല്ലഭനായ ദൈവമാണ്. അവനു സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുവാൻ കഴിയും. അവനോടുള്ള ബന്ധം നിത്യബന്ധമാണ്. അതുകൊണ്ടു കർത്താവിൽ എപ്പോഴും സന്തോഷിക്കുവാൻ കഴിയും. സാഹചര്യങ്ങൾ എന്തുമാകട്ടെ, പ്രതികൂലങ്ങൾ വരട്ടെ, കർത്താവിലുള്ള സന്തോഷത്തിനു മങ്ങൽ വരുകയില്ല. ക്രൂശിക്കപ്പെടുന്നതിനു തൊട്ടുമുമ്പുള്ള രാത്രിയിൽ കർത്താവു അനുഭവിച്ചതും വാഗ്ദത്തം ചെയ്തതുമായ സന്തോഷമാണ് ഇത് (യോഹ. 15:11). കർത്താവിനായി അപമാനം സഹിക്കുന്നതിൽ അപ്പൊസ്തലന്മാർ സന്തോഷിച്ചു (പ്രവൃ. 5:40,41). പൗലൊസ് ബഹുദുഃഖത്തിലും കഷ്ടത്തിലും സന്തോഷിച്ചു (2 കൊരി. 6:10; പ്രവൃ. 16:22-26). നാനാ പരീക്ഷകളിലും നിലനിൽക്കുന്ന സന്തോഷമാണ് ഇത്. ഈ സന്തോഷം ഉള്ളവർക്കു മാത്രമേ കർത്താവിനെ ആരാധിക്കുവാനും ആഘോഷിക്കുവാനും അവനിൽ ആമോദിക്കുവാനും കഴിയുകയുള്ളൂ.

ഇടവിടാതെ നാം പ്രാർത്ഥിക്കുന്നതിൽ ദൈവം പ്രസാദിക്കുന്നു. ഏതു സമയത്തും മുട്ടിന്മേൽ നിൽക്കുന്നതല്ല പ്രാർത്ഥന. പ്രാർത്ഥന ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെയും സമ്പർക്കത്തെയും കാണിക്കുന്നു. ബാഹ്യമായ പ്രാർത്ഥനാപ്രകടനങ്ങളോ ജല്പനങ്ങളോ കർത്താവ് ആദരിക്കുന്നില്ല (മത്താ. 6:5-15). ഹൃദയത്തിൽനിന്നും ഉയരുന്ന പ്രാർത്ഥനയാണ് ആത്മാവിലുള്ള പ്രാർത്ഥന. എവിടെയും എപ്പോഴും പ്രാർത്ഥിക്കുവാൻ കഴിയും (നെഹെ. 2:4). ഏതു ജോലിത്തിരക്കിലും പ്രാർത്ഥിക്കുവാൻ സാധിക്കും. പ്രാർത്ഥിക്കുന്നവർ സന്തോഷിക്കുന്നവർ ആയിരിക്കും. ആത്മിക വളർച്ചയ്ക്കും ഫലകരമായ ശുശ്രൂഷകൾക്കും പ്രാർത്ഥന ഒഴിച്ചുകൂടാത്തതാകുന്നു. ഇടവിടാതെ പ്രാർത്ഥിക്കുന്ന അനുഭവം നമുക്കുണ്ടാകുവാൻ കർത്താവു സഹായിക്കട്ടെ.

എല്ലാറ്റിനായും നാം സ്തോത്രം ചെയ്യണം. ദൈവത്തോടു നന്ദി പറയു ന്നതാണ് സ്തോത്രം. ദൈവം ചെയ്ത നന്മകൾക്കാണ് നാം സ്തോത്രം പറയുന്നത്. ദൈവം തന്റെ മക്കൾക്കു സകലതും നന്മയ്ക്കായി ചെയ്യുന്നവനാണ് (റോമർ 8:28). അതുകൊണ്ടാണ് എല്ലാറ്റിനും സ്തോത്രം ചെയ്യുവാൻ കല്പിച്ചിരിക്കുന്നത്. കഷ്ടതകളുടെ മദ്ധ്യത്തിലും സ്തോത്രം ചെയ്യുവാൻ കഴിയും (പ്രവൃ. 16:22-26). ദൈവത്തെക്കുറിച്ചും അവന്റെ വാഗ്ദത്തങ്ങളെക്കുറിച്ചുമുള്ള അറിവും വിശ്വാസവും അവനു സ്തോത്രം ചെയ്യുവാൻ ആവശ്യമാകുന്നു. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

ദൈവമക്കൾ കർത്താവിനുവേണ്ടി ജ്വലിച്ചു ശോഭിക്കേണ്ടവരാണ്. പരിശുദ്ധാത്മാവിന്റെ സഹായവും നിയന്ത്രണവും അതിന് ആവശ്യമാകുന്നു. പലപ്പോഴും നാം ആത്മാവിനെ കെടുത്തിക്കളയുന്നവരാകുന്നു. ജ്വലിച്ചു പ്രകാശിക്കുന്ന തീയിൽ വെള്ളമൊഴിച്ചാൽ അതു കെട്ടുപോകും. ആ ആശയമാണ് ഇവിടെ ഉള്ളത്. നമ്മുടെ ജീവിതത്തിലും ശുശ്രൂഷകളിലും ജ്വലിച്ചു ശോഭിക്കുന്ന അനുഭവങ്ങൾ ഉണ്ടാകണം. സ്വാർത്ഥതാൽപര്യങ്ങളിലും പാപപരിചയ ങ്ങളിലും നാം വീഴുന്ന പക്ഷം പരിശുദ്ധാത്മാവിനു പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നു. അങ്ങനെ നാം പരിശുദ്ധാത്മാവിനെ കെടുത്തുന്നവർ ആകും. അവ എന്തൊക്കെയാണെന്നു വിവേചിച്ചു മനസ്സിലാക്കി ഉപേക്ഷിക്കുമ്പോൾ വിജയകരമായ ആത്മിക ജീവിതം സാദ്ധ്യമാകും.

നാം പ്രവചനം തുച്ഛീകരിക്കരുത്. ഇവിടെ പ്രവചനംകൊണ്ടുള്ള ആശയം ദൈവിക മർമ്മങ്ങൾ ഗ്രഹിച്ചു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുക അഥവാ ഉപദേശിക്കുക എന്നാണ്. ദൈവത്തിന്റെ അരുളപ്പാടുകൾ ജനത്തോട് അറിയിക്കുന്നവരാണ് പ്രവാചകന്മാർ. ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട വചനം ഉണ്ടായിരുന്നില്ല. അന്നു സഭയിൽ പ്രവചനവരം ഉണ്ടായിരുന്നു. അതു സഭയ്ക്കു ദൈവത്തിന്റെ ആലോചനകൾ അറിയിക്കുന്നതിനായി നൽകിയിരുന്നു (പ്രവൃ. 11:27-30). ഇന്നു ദൈവവചനം പൂർണ്ണമായി നമുക്കു ലഭിച്ചിരിക്കുന്നു. അതു പരിശുദ്ധാത്മസഹായത്താൽ മറ്റുള്ളവർക്കു വിശദീകരിച്ചു കൊടുക്കുന്നവരാണ് ഇന്നത്തെ പ്രവാചകന്മാർ. ഈ ശുശ്രൂഷയെ തുച്ഛീകരിക്കരുത്. അതിനെ ഹാസ്യമാക്കരുത് എന്നു സാരം. ദൈവവചനത്തേക്കാൾ സ്വന്ത ദർശനങ്ങൾക്കു പ്രാധാന്യം നൽകുന്ന കള്ളപ്രവാചകന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സ്വന്ത ഭാവനകൾക്കും സങ്കൽപ്പങ്ങൾക്കും മുൻതൂക്കം നൽകുന്നവരും ഉണ്ട്. അവർ ദൈവവചനത്തെ തുച്ഛീകരിക്കുന്നവർ ആകുന്നു. നമുക്കു സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നവർ ആകാം (2 തിമൊ. 2:15).

ദൈവമക്കൾ സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുന്നവർ ആകണം. ആത്മിക മണ്ഡലത്തിൽ ഇന്നും ധാരാളം കള്ളനാണയങ്ങൾ ഉണ്ട്. സ്വന്ത താല്പര്യങ്ങൾക്കുവേണ്ടി വചനത്തെ കോട്ടിക്കളയുന്നവർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാത്താന്യശക്തികളെ പരിശുദ്ധാത്മശക്തിയായി മനുഷ്യർ തെറ്റിദ്ധരിക്കുന്നു. ഇതു തിരിച്ചറിയുവാൻ പ്രയാസമാണ്. നല്ല നാണയ ങ്ങൾ ധാരാളം കൈകാര്യം ചെയ്തു കള്ളനാണയങ്ങൾ തിരിച്ചറിയുന്ന സമ്പ്രദായം ഉണ്ട്. അതുപോലെ ദൈവവചനം രാപ്പകൽ ധ്യാനിക്കയും പഠിക്കയും ചെയ്യുമ്പോൾ സകലവും ശോധന ചെയ്യുവാൻ നാം പ്രാപ്തർ ആകും. ആത്മാക്കളെ വിവേചിക്കുവാൻ അങ്ങനെ നാം കഴിവുള്ളവർ ആകും (1 യോഹ. 4:1-4). ദൈവവചനസത്യങ്ങൾ മുറുകെ പിടിക്കുന്നവരാകാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നാം സകലവിധ ദോഷവും വിട്ടകലുന്നവർ ആകണം. നല്ലതും തീയതും തിരിച്ചറിയണം. നല്ലത് ഒഴിച്ചുള്ളതെല്ലാം തള്ളിക്കളയണം. ഉപദേശത്തിലും ജീവിതത്തിലും ദൈവത്തിനു മഹത്വം നൽകാത്ത കാര്യങ്ങൾ ഒഴിഞ്ഞിരിക്കണം. തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിക്കൊള്ളണം. ദോഷംചെയ്യുവാൻ പ്രേരണ നൽകുന്ന സ്ഥലവും സന്ദർഭങ്ങളും മനഃപൂർവ്വം ഒഴിവാക്കണം. അങ്ങനെ കർത്താവിനു പ്രസാദമുള്ള ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**ഉപസംഹാരം (5:23-28)**

ഇവിടെ ദൈവം തന്റെ മക്കൾക്കു ചെയ്യുന്ന ചില കാര്യങ്ങൾ കാണാം. ദൈവം നമ്മെ ശുദ്ധീകരിക്കുന്നവനാണ്. അങ്ങനെ നമ്മെ അവനായി കാത്തു സൂക്ഷിക്കുവാൻ ദൈവം വിശ്വസ്തനാകുന്നു. പാപസ്വഭാവമുള്ള മനുഷ്യൻ ശരീരത്തിൽ ജീവിക്കുന്ന കാലത്തോളം പാപംചെയ്യുവാൻ കഴിവുള്ളവനാകുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ അതിന്റെ മേൽ വിജയം കൊള്ളുവാൻ സാധിക്കും. അതിനു നാം മനസ്സു പുതുക്കി രൂപാന്തര പ്പെടണം. അപ്പോൾ നമ്മുടെ മനസ്സു ദൈവിക കാര്യങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കും. നാം ദൈവാത്മാവിനു വിധേയപ്പെടുന്നു. അങ്ങനെ ആത്മാവു ദൈവത്തോടുള്ള ബന്ധത്തിലും മനസ്സു ദൈവിക സ്വാധീനതയിലും ആയിരിക്കുന്നതിനാൽ പാപംചെയ്യാതെ ജീവിക്കുവാൻ ഇടയാകും. ജീവന്റെ ആത്മാവിന്റെ പ്രമാണം നമുക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം നൽകുന്നു (റോമർ 8:2). ദൈവം തന്റെ വിശ്വസ്തതയിൽ അതു സാധിപ്പിക്കും എന്നുള്ള ഉറപ്പ് പൗലൊസിനുണ്ടായിരുന്നു.

മനുഷ്യൻ കേവലം ഒരു ശരീരം മാത്രമല്ല. അവനിൽ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ ഉണ്ട്. ആത്മാവ്, പ്രാണൻ, ശരീരം എന്നിങ്ങനെയും അതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. ജീവികൾക്കെല്ലാം ജീവനും ശരീരവുമുണ്ട്. അവയ്ക്കില്ലാത്ത ഒന്നാണ് ദൈവബോധം. ആ ബോധത്തെയാണ് ആത്മാവുകൊണ്ട് അർത്ഥമാക്കുന്നത്. ദേഹവും ദേഹിയും ലോകത്തെ ക്കുറിച്ചു ബോധം നൽകുന്നു. ആത്മാവു ദൈവബോധം ഉളവാക്കുന്നു. പാപിയായ മനുഷ്യനു ദൈവബോധം നഷ്ടപ്പെട്ടു. അവനെ വീണ്ടെടുത്തു രക്ഷിക്കുവാൻ ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അങ്ങനെ ദൈവം നമ്മോടുള്ള സ്നേഹവും കരുണയും വിശ്വസ്തതയും വെളിപ്പെടുത്തി. ഈ സത്യം അംഗീകരിക്കുമ്പോൾ ഹൃദയം പ്രകാശപൂരിതം ആകും. അങ്ങനെ നാം ദൈവത്തോടു സമാധാനമുള്ളവർ ആകും. കർത്താവു നമ്മെ മുഴുവനായി ശുദ്ധീകരിക്കുവാൻ അഥവാ രക്ഷിക്കുവാൻ മതിയായവൻ ആകുന്നു (ഫിലി. 1:4).

ഒടുവിലായി പൗലൊസിനും സഹപ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നു. സകല വിശുദ്ധന്മാർക്കും വന്ദനം നേരുന്നു. അതാണ് വിശുദ്ധ ചുംബനംകൊണ്ടുള്ള ലക്ഷ്യം. അതു നിർവ്യാജസ്നേഹത്തിന്റെ ചിഹ്നം അഥവാ പ്രകടനം ആകുന്നു. ദൈവമക്കൾ തമ്മിലുള്ള ബന്ധങ്ങൾ വിശുദ്ധമായിരിക്കണം. ദൈവകൃപ നമുക്ക് ആശ്വാസവും ധൈര്യവും ഉത്സാഹവും നൽകുന്നതാണ്. ക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരി ക്കുമാറാകട്ടെ എന്ന ആശീർവാദത്തോടെ അപ്പൊസ്തലൻ ലേഖനം ഉപസംഹരിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

* * *